കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത്

# 2018-19

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(ബി.പി.1)1032/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020
ഫോൺ നം. 0487 2331249
ഇ-മെയിൽ: dotsr.ksad@kerala.gov.in
തീയതി :30/08/19

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചൊവ്വന്നൂർ ബ്ലോക്ക്പഞ്ചായത്ത്
സർ,

വിഷയം : ചൊവ്വന്നൂർ ബ്ലോക്ക്പഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 3-3, 3-7, 3-10 എന്നീ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം

സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(ബി.പി.1)1032/2019 തിയ്യതി:30/08/19

## തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.11.2018 മുതൽ 13.06.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2018 മുതൽ 31-03-2019 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സി.രാജഗോപാലൻ<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.06.2019 മുതൽ<br>29.06.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.തുളസിദാസ്<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി .ലിഷ.കെ.വി<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി .രേഖ.സി<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ഇദ്രീസ് അബ്ദുള്ള ,<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീമതി.കുമാരി.എ.വി.സുമതി, |

| | 01.04.2018 മുതൽ 31.03.2019 വരെ | |
|---|---|---|
| സെക്രട്ടറി | ശ്രീ.പി.എച്ച്.ഷൈൻ | 01.04.18 മുതൽ 05.06.18 വരെ |
| | ശ്രീ.എ. ഗണേഷ് | 06.06.18 മുതൽ 13.06.18 വരെ |
| | ശ്രീ.നാസർ.കെഎച്ച് | 14.06.18 മുതൽ 31.03.19 വരെ |
| നിർവ്വഹണോദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.കൃഷ്ണകുമാർ.ജെ | 01.04.18 മുതൽ 30.04.2018 വരെ |
| | ശ്രീ.വിനോദ്.ഇ.കെ (അഡീഷണൽ ചാർജ്) | 01.05.18 മുതൽ 07.06.18 വരെ |
| | ശ്രീ.സിബി.എ.പി | 08.06.18 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ജയ.ഒ.ആർ | 01.04.18 മുതൽ 31.03.19 വരെ |
| സൂപ്രണ്ട്, സി.എച്ച്.സി. പഴഞ്ഞി | ഡോ.സന്ദീപ്.ആർ | 01.04.18 മുതൽ 01.05.18 വരെ |
| | ഡോ.ബിന്ദു. പി.എസ് (ഇൻ ചാർജ്) | 01.05.18 മുതൽ 18.05.18 വരെ |
| | ഡോ.ആഷിക്.എൻ.എ (ഇൻ ചാർജ്) | 19.05.18 മുതൽ 05.06.18 വരെ |
| | | 06.06.18 മുതൽ 31.07.18 വരെ |
| | ഡോ.പ്രിയ പനക്കൽ (ഇൻ ചാർജ്) | |

| | | |
|---|---|---|
| | ഡോ.വാസുദേവൻ തെക്കുവീട്ടിൽ | 01.08.18 മുതൽ 31.03.19 വരെ |
| പട്ടികജാതി വികസന ഓഫീസർ, ചൊവ്വന്നൂർ | സുഗുണഭായ് .സി.സി | 01.04.18 മുതൽ 10.04.18 FN വരെ |
| | ലിസ ജെ മങ്ങാട്ട് | 10.04.18 AN മുതൽ 21.05.18 FN വരെ |
| | ജോസഫ് ജോർജ് | 21.05.18 AN |
| | ലിസ ജെ മങ്ങാട്ട് | 22.05.18 മുതൽ 02.06.18 FN വരെ |
| | ജോസഫ് ജോർജ് | 02.06.18 AN മുതൽ 31.03.19 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ (അഡീഷണൽ) ചൊവ്വന്നൂർ | ഗ്രേസി. ജെ. ആർ | 01.04.18 മുതൽ 02.07.18 FN വരെ |
| | ബിന്ദു.കെ.എ (ഐ.സി.ഡി.എസ് സൂപ്പർവൈസർ) | 02.07.18 AN മുതൽ 20.07.18 വരെ |
| | നാദിറ.എച്ച് | 21.07.18 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ, ചൊവ്വന്നൂർ | ശ്രീമതി. റീന ജോൺ | 01.04.18 മുതൽ 31.03.19 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ചൊവ്വന്നൂർ | ശ്രീമതി.മഞ്ജുഷ.ടി.വി. | 01.04.18 മുതൽ 31.03.19 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ ചൊവ്വന്നൂർ | രതിമണി.കെ.ജി | 01.04.18 മുതൽ 31.03.19 വരെ |
| വ്യവസായ വികസന ഓഫീസർ | ഉണ്ണികൃഷണൻ .വി.ബി | 01.04.18 മുതൽ 22.09.18 വരെ |
| | അജിത.കെഎൻ | 23.09.18 മുതൽ 06.11.18 |

| | | |
|---|---|---|
| | | വരെ |
| | മിനി.ഇ | 07.11.18 മുതൽ 31.03.19 വരെ |

<u>ഉള്ളടക്കം</u>



| നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ | 1-9 |
| 10 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-10 |
| | ഭാഗം 2 | |
| 11 | ഇ-ടെണ്ടർ ടെണ്ടർ ഫോമിന്റെ വില അടവാക്കിയിട്ടില്ല | 2-1 |
| 12 | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ബാലൻസുള്ള സാംഖ്യ രശീതികൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. | 2-2 |
| ഭാഗം 3 | | |
| 13 | പെയിൻ & പാലിയേറ്റീവ് പദ്ധതി -അപാകതകൾ | 3-1 |
| 14 | ഐ.എ.വൈ ഭവനപദ്ധതി-പണി പൂർത്തീകരിക്കാത്തവർ | 3-2 |
| 15 | നിർമ്മാണങ്ങൾ പാതിവഴിയിൽ നിലയ്ക്കുന്നു | 3-3 |
| 16 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഫണ്ട് വകമാറ്റി ഉപയോഗിച്ചു | 3-4 |
| 17 | പട്ടികജാതി ഫണ്ടുപയോഗിച്ചുള്ള പദ്ധതികളിൽ ഫീസിബിലിറ്റി ഉറപ്പാക്കിയിട്ടില്ല | 3-5 |
| 18 | കുടിവെള്ള പദ്ധതികൾ- ഡെപോസിറ്റ് പ്രവൃത്തികൾക്കായി ഭൂജല വകുപ്പിൽ തുക നിക്ഷേപിക്കുന്നത്- തുടർ പ്രവർത്തനം നടക്കുന്നില്ല | 3-6 |
| 19 | ചൊവ്വല്ലൂർ പട്ടികജാതി കോളനിയിൽ പകൽവീട് നിർമ്മാണം - കോസ്റ്റ് ഇൻഡക്സിൽ വന്ന മാറ്റത്തിനനുസൃതമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്തില്ല-നഷ്ടം സംഭവിച്ചു. | 3-7 |

| | | |
|---|---|---|
| 20 | അസി.എഞ്ചിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടർ, യു.പി.എസ്. എന്നിവ വാങ്ങിയത് - 37602/- രൂപയുടെ ചെലവ് വിവരം ലഭ്യമാക്കിയില്ല, വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തില്ല- ചെലവ് തടസ്സപ്പെടുത്തുന്നു | 3-8 |
| 21 | കലശമലക്കുന്നിൽ പട്ടികജാതി വനിതകൾക്ക് വ്യവസായ സംരഭങ്ങൾ തുടങ്ങാനായി വാങ്ങിയ സ്ഥലം മറ്റ് ആവശ്യത്തിന് ഉപയോഗിക്കുന്നു | 3-9 |
| 22 | ബ്ലോക്ക് പഞ്ചായത്ത് കണ്ടാണശ്ശേരിയിലെ വിത്തുല്പാദന കേന്ദ്രം- രേഖകളുടെ അഭാവത്തിൽ ഉടമസ്ഥാവകാശം നഷ്ടപ്പെട്ടു | 3-10 |
| 23 | കടവല്ലൂർ ഗ്രാമ പഞ്ചായത്തിലെ ബ്ലോക്ക് പഞ്ചായത്തിന്റെ സ്ഥലം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. | 3-11 |
| 24 | സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 3-12 |
| 25 | പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 3-13 |
| 26 | പാലിനു സബ്സിഡി-വികസന ഫണ്ടിൽ നിന്നും അർഹമായതിലും അധികം തുക ചെലവഴിച്ചു | 3-14 |
| 27 | ജിപിജി വൗച്ചറുകൾ- അപാകതകൾ | 3-15 |
| 28 | ലൈഫ് പദ്ധതിക്ക് അധിക ധനസഹായം അനുവദിച്ചു | 3-16 |
| 29 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. നടപ്പിലാക്കിയ പദ്ധതികൾ | 3-17 |
| 30 | സുലേഖ ചെലവ് പത്രികയിൽ ചെലവ് രേഖപ്പെടുത്തി കാണുന്നില്ല | 3-18 |
| 31 | ലൈഫ് വിഹിതം കൈമാറൽ | 3-19 |
| 32 | ഓട്ടിസം സെൻററിലേക്ക് പഠനോപകരണങ്ങൾ | 3-20 |
| ഭാഗം 4 | | |
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 34 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 36 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 37 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 42 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |
| 43 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം 2 |

# ഭാഗം -1

## പൊതു അവലോകനം

## 1-1 ബജറ്റ്

31.03.2018 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 256645111 രൂപയും പ്രതീക്ഷിത ചെലവ് 256445107 രൂപയും ആണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി |
|---|---|
| 31.7.18 | 11.06.19 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 24.06.2019 മുതൽ 29.06.2019 വരെ | കെ.എസ്.എ.ടി.എസ്.ആർ.(ബി.പി.)1032/19 തീയതി.30/08/19 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 20200821 |
| വരവ് | 81542463 |
| ആകെ | 101743284 |
| ചെലവ് | 81194389 |
| നീക്കിയിരിപ്പ് | 20548895 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സായ തുക |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 41147000 | 41147000 | 34810092 | 6336908 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 22349000 | 22349000 | 19289157 | 3059843 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 68000 | 68000 | 0 | 68000 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 4879000 | 4879000 | 4870348 | 8652 |
| തനത് ഫണ്ട് | ട്രഷറി അക്കൗണ്ട് (ജനറൽ പർപ്പസ് ഗ്രാന്റ് ഉൾപ്പെടെ) | 1112842 | 8769087 | 9881929 | 5647814 | 4234115 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| T.S.C(MISC) | | 1692281 | 480058 | 2172339 | 349569 | 1822770 |
| SIG SHG | | 5456 | 193 | 5649 | 0 | 5649 |
| IAY(ADMIN) | | 17090 | 605 | 17695 | 0 | 17695 |
| IAY(അധിക വിഹിതം) | | 368860 | 13334 | 382194 | 25000 | 357194 |
| IWMP | | 224563 | 254384 | 478947 | 120762 | 358185 |
| നിർമൽ പുരസ്കാരം | | 2497589 | 88727 | 2586316 | 0 | 2586316 |
| IAY(PLAN) | | 13913444 | 8307939 | 22221383 | 15782087 | 6439296 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| MLA FUND | | 20058 | 712 | 20770 | 0 | 20770 |
| കേരളോത്സവം | | 35000 | 0 | 35000 | 0 | 35000 |
| വിമുക്തി | | 22830 | 0 | 22830 | 0 | 22830 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് (ജില്ല/ഗ്രാമ പഞ്ചായത്ത്) | | 452842 | 4755575 | 5208417 | 495000 | 4713417 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 133 | 100125001 | 116 | 75235054 | 11 | 6 | 87.2% |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

1.മങ്ങാട് കോളനി കുടിവെള്ള കിണർ നവീകരണവും മറ്റ് കോളനി വികസനങ്ങളും

2.ആളൂർ കോളനി കുടിവെള്ള പദ്ധതി നവീകരണവും മറ്റ് കോളനി വികസനങ്ങളും

3.തിരുവത്ര കോളനി കുടിവെള്ള പദ്ധതി നവീകരണവും മറ്റ് കോളനി വികസനങ്ങളും

4. ഐ.എച്ച്.ഡി.പി കോളനി കുടിവെള്ളം ഒരുക്കലും, മറ്റു അനുബന്ധ പ്രവർത്തനങ്ങളും

5.ക്രിമറ്റോറിയം സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം കൈമാറൽ

6.എസ്.ടി വിഹിതം തിരിച്ചടക്കൽ

# 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന-25.06.2019 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് നീക്കിയിരുപ്പില്ല എന്ന്പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.09.18- 12.09.18 | 2017-18 | 05.11.18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.05.2019-21.05.2019 | 2014-2015 to 2018-19 | 10.06.2019 |

# 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ

ബ്ളോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെയും, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടേയും യോഗങ്ങൾ നിയമത്തിലും ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന കാലനിശ്ചയ പ്രകാരം കൂടുന്നുണ്ടെങ്കിലും, സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ, പദ്ധതി ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല. പദ്ധതികളുടെ ആസൂത്രണ – നിർവ്വഹണ ഘട്ടങ്ങളുടെ കാര്യക്ഷമത ഭരണ സമിതി യോഗങ്ങളിൽ അജണ്ടയായി വരുന്നില്ല. പല പദ്ധതികളും കലണ്ടർ പ്രകാരം പൂർത്തീകരിക്കപ്പെടുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം കൃത്യമായി

പ്രതിമാസം ചേരുന്നില്ല. പൂർത്തിയായ പദ്ധതികളിൽ നിർദ്ദിഷ്ട രീതിയിൽ മോണിറ്ററിംഗ് നടക്കുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പല പ്രധാന ആസ്തികളും രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. വില്ലേജ് രേഖകളുമായി പൊരുത്തപ്പെടുത്താത്തതിനാൽ ഇത് ഒരു ആധികാരിക രേഖയായി കണക്കാക്കാനാകില്ല. സ്റ്റോക്ക് ആന്റ് സ്റ്റോഴ്സ്, മറ്റു വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷൂറൻസ് പരിരക്ഷ ഇല്ല. സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ മൂല്യം രേഖപ്പെടുത്തി സെക്രട്ടറി ഒപ്പു വെച്ച് ആധികാരികമാക്കുന്നില്ല. അഡ്വാൻസ് രജിസ്റ്ററിൽ അഡ്വാൻസ് ക്രമീകരിച്ച വിവരം ചേർത്തിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥരിൽ പലരും പ്രോജക്ട് ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. പല പ്രോജക്ട് ഫയലുകളിലും അവശ്യം വേണ്ട സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുമായുള്ള കരാറിന് പകരം വെറും ഒപ്പിട്ട മുദ്രപത്രങ്ങൾ മാത്രമാണ് കാണുന്നത്. വൗച്ചറുകളിൽ പ്രസിഡന്റും, സെക്രട്ടറിയും സംയുക്തമായി സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല. ടെണ്ടർ നടപടികളുടെ ഭാഗമായുള്ള പ്രാഥമിക കരാറുകളിൽ രേഖപ്പെടുത്തലുകൾ ഇല്ല.

ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ല. 2018-19 ലെ ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 256645111/- രൂപയും, ചെലവ് 256445107/- രൂപയുമാണ്. എന്നാൽ വാർഷിക കണക്കുകൾ പ്രകാരം യഥാർത്ഥ വരവ് 81542463 രൂപയും ചെലവ് 81194389 രൂപയുമാണ്. ഒരു സ്ഥാപനത്തിന്റെ സാമ്പത്തിക നിയന്ത്രണത്തിനുള്ള അടിസ്ഥാന ഉപാധിയാണ് ബജറ്റ്. ഒരോ ചെലവുകളും ബജറ്റിനകത്തുനിന്നുകൊണ്ടാകണം ചെയ്യേണ്ടത്. ഇത്രയും വലിയ തുക വരവും ചെലവുമായി കാണിക്കുമ്പോൾ ഈ സാമ്പത്തിക അച്ചടക്കം പാലിക്കാനാകാതെ വരുന്നു. ആയതിനാൽ ബജറ്റ് കൂടുതൽ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

വാങ്ങിയ മുഴുവൻ സാധനങ്ങളും സ്റ്റോക്കിലെടുക്കുന്നില്ല. സ്റ്റോക്കിലെടുക്കുന്നവയുടെ മൂല്യം ചേർക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വർഷാവസാനം ബാലൻസുള്ളവയുടെ ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ബില്ലുകളിൽ സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റ് രേഖപ്പെടുത്തുന്നില്ല.

മരാമത്ത് പ്രവൃത്തികളിൽ കാലതാമസം വരുത്തുന്ന കരാറുകാരിൽനിന്നും പൊതുമരാമത്ത് മാന്വലിൽ നിർദ്ദേശിച്ച പ്രകാരമുള്ള ഫൈൻ ഈടാക്കുന്നില്ല. കാലദൈർഘ്യം അനുവദിക്കുന്ന കമ്മറ്റി തീരുമാനങ്ങളിൽ കാലയളവ് ചേർക്കുന്നില്ല.

KSEB, KWA, GWD എന്നിവയിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നത് വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലല്ല. ഡെപ്പോസിറ്റ് ചെയ്തവയുടെ തുടർ പുരോഗതി നിരീക്ഷിക്കുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിൽ നിയമാനുസൃതം മാസ്റ്റർ ഇൻക്യുബെൻസി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഇക്കാര്യത്തിൽ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കുലർ നം.74217/എഎ.3/08 dt.3/7/2009 ലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. കൈമാറിക്കിട്ടിയതടക്കം മുഴുവൻ സ്ഥാപനങ്ങളിലേയും നിർവ്വഹണ ഉദ്യോഗസ്ഥരുടേയും വിവരങ്ങൾ, സ്ഥിര മേൽവിലാസം, ഔദ്യോഗിക മേൽവിലാസം തുടങ്ങിയവ ഇതിൽ ഉൾപ്പെടുത്തണം.

മേൽ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ പതിയേണ്ടതാണ്.

# 1-10 വാർഷികകണക്കുകളിലെ അപാകതകൾ

1) വാർഷിക കണക്ക് പ്രകാരം ടെണ്ടർ ഫോം വിൽപ്പന ഇനത്തിലുള്ള വരവ് 142909/- രൂപയും + 536(vat)+732 (sgst) എന്നിങ്ങനെ ആകെ 144177 രൂപയാണ്. എന്നാൽ ചെക്ക് ഇഷ്യു രജിസ്റ്റർ പ്രകാരം 147857/- രൂപയാണ്.

2) RP 36 പ്രകാരം govt and other dues payable എന്ന ഇനത്തിൽ GST ഇനത്തിൽ 150190/- രൂപയാണ് വരവ് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത്. യഥാർത്ഥ വരവ് ചെലവ് 75095/- രൂപയാണ്.

3) IAY ജനറൽ എന്ന ഇനത്തിൽ RP 31 പ്രകാരം വരവ് 594588/- രൂപയാണ്. എന്നാൽ UBIയുടെ പാസ് ബുക്ക് പ്രകാരം വരവ് 480626/- രൂപയാണ്. വ്യത്യാസം 113962/- രൂപ.

4) RP 31 പ്രകാരം tsc എന്ന ശീർഷകത്തിൽ 31647/- രൂപ വരവ് രേഖപ്പെടുത്തി കാണുന്നു. എന്നാൽ

പാസ് ബുക്ക് പ്രകാരം (UBI) വരവ് 480058/- രൂപയാണ്. വ്യത്യാസം 448411/- രൂപ.

5) RP 31 പ്രകാരമുള്ള 129402/- രൂപയുടെ (ശീർഷകം 320100299) വരവ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

6) ജി.പി.ജി.യോടൊപ്പം/മിസ്സലേനിയസ് അക്കൗണ്ടിൽ ഒരുമിച്ച് നിക്ഷേപിക്കുന്ന തുകകൾക്ക് പ്രത്യേകം ACR സൂക്ഷിക്കുന്നില്ല. ഉദാ: tsc, kila training fund, icds etc.

7) പാർട്ട് ബിൽ സ്റ്റേറ്റ്മെന്റ് പ്രകാരം capital work in progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്താവുന്ന തുക 47……. രൂപയാണ്. വാർഷിക കണക്ക് പ്രകാരം മേൽ ശീർഷകത്തിൽ 87,07,458/- രൂപയാണ്.

8) അഡ്വാൻസ് രജിസ്റ്റർ പ്രകാരം താഴെ പറയും പ്രകാരം ജീവനക്കാർക്ക് മുൻകൂർ അനുവദിച്ചിട്ടുണ്ട്.

| തിയ്യതി | ജീവനക്കാരന്റെ പേര് | മുൻകൂർ | ആവശ്യകത |
|---|---|---|---|
| 17-12-18 | ഷൺമുഖൻ KA (EO WW) | 20,000 | പ്ളാൻ ഫോർമുലേഷൻ |
| 21-01-19 | ഷൺമുഖൻ KA (EO WW) | 30,000 | കില ട്രെയിനിങ്ങ് |
| 04-02-19 | ഷൺമുഖൻ KA (EO WW) | 22,500 | കില കൃഷി സുജലം സുഫലം ട്രെയിനിങ്ങ് |
| | ആകെ | 72,500 | |

മേൽ അഡ്വാൻസ് തുക B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

9) എ.ഇ. തയ്യാറാക്കി നൽകിയ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ സ്റ്റേറ്റ്മെന്റ് പ്രകാരം ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിക്ഷേപിച്ച തുകയുടെ നീക്കിയിരിപ്പ് 5500000 രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം B-18 ഷെഡ്യൂളിൽ 7263245/- രൂപയാണ് ഈയിനത്തിലെ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നത്. 1763245 രൂപയുടെ വ്യത്യാസം ഉണ്ട്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഇ-ടെണ്ടർ ടെണ്ടർ ഫോമിന്റെ വില അടവാക്കിയിട്ടില്ല

10/2018 വരെ ഇ-ടെണ്ടർ നടന്ന പ്രവൃത്തികളിൽ ടെണ്ടർ ഫോമിന്റെ വില ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ പക്കൽനിന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് വരവ് വന്നിട്ടുണ്ട്. എന്നാൽ 10/18-ന് ശേഷം ബ്ലോക്ക് അസി. എക്സി. എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ.യിൽ അക്കൗണ്ട് തുടങ്ങിയിരുന്നു. എന്നാൽ ഇതിനുശേഷം ടെണ്ടർ നടന്നവയിൽ ടെണ്ടർ ഫോം വില അക്കൗണ്ടിൽ വന്നിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടിയിൽ ബാങ്കിനെ സമീപിച്ചപ്പോൾ ഇടപാടുകൾ നടക്കാത്തതിനാൽ ഈ അക്കൗണ്ട് നിഷ്ക്രിയമായി കിടക്കുകയാണെന്നും ആദ്യത്തെ ഇടപാട് നടത്തി അക്കൗണ്ട് സക്രിയമാക്കിയാലേ ടെണ്ടർ ഫോം വിലയിനത്തിൽ വന്ന തുകകൾ അക്കൗണ്ടിലേക്ക് വരികയുള്ളൂവെന്നുമാണ് അറിയിച്ചത്. എത്രയും വേഗം തുക അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-2 സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ബാലൻസുള്ള സാംഖ്യ രശീതികൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 28.09.2012-ന് സ്റ്റോക്കിൽ എടുത്തിട്ടുള്ള 500 സാംഖ്യ രശീതികളിൽ (1359501-1360000) ഉപയോഗിക്കാത്തവ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (5/18-19 തിയതി . 27.06.19)ക്ക് മറുപടി ലഭ്യമായിട്ടില്ല.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പെയിൻ & പാലിയേറ്റീവ് പദ്ധതി -അപാകതകൾ

എ) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല:
പ്രൊജക്റ്റ് നമ്പർ: Soo52/19

പ്രൊജക്റ്റ് :പെയിൻ &പാലിയേറ്റീവ് വിഹിതം നൽകൽ
നിർവഹണ ഉദ്യോഗസ്ഥൻ. മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)

പദ്ധതി അടങ്കൽ 1036320 രൂപ

ചെലവ്:1036320 രൂപ

ട്രഷറി ബിൽ നമ്പർ –

5/18-19 31.07.18 (250000)
4/18-19 31.07.18 (286320)
7/18-19 03.09.18 (100000)
20/18-19 15.12.18 (200000)
22/18-19 15.12.18(200000)

മേൽ പദ്ധതി പ്രകാരം കടവല്ലൂർ(150000രൂപ), വേലൂർ (136320 രൂപ) ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുള്ള തുകകൾക്ക് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 286320 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 12/18-19, തിയതി 29.06.19)

(ബി) പണം നൽകി: മരുന്നു ലഭ്യമാക്കിയിട്ടില്ല
പ്രൊജക്റ്റ് നമ്പർ: Soo72/19

പ്രൊജക്റ്റ് :പെയിൻ &പാലിയേറ്റീവ് സെക്കണ്ടറി കെയർ

പദ്ധതി അടങ്കൽ 663680 രൂപ

ചെലവ്:646191 രൂപ

ട്രഷറി ബിൽ നമ്പർ –

2/18-19 30.6.18(31348)
6/18-19 23.8.18(12000)
8/18-19 25.9.18(15001)

9/18-19 15.10.18(28002)
16/18-19 19.11.18(15320)
17/18-19 26.11.18(196033)
23/18-19 15.12.18(53794)
28/18-19 31.12.18(160813)
31/18-19 4.2.19(56269)
32/18-19 13.2.19(32738)
35/18-19 14.3.19(17480)
41/18-19 22.3.19(27393)

മേൽ പദ്ധതി പ്രകാരം പെയിൻ & പാലിയേറ്റീവ് കെയറിലെ രോഗികൾക്ക് മരുന്ന് വാങ്ങുന്നതിനായി 356846/-രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മേൽ ബിൽ (17/18-19,28/18-19) പ്രകാരം നൽകിയിട്ടുണ്ട്. ആയതിൽ 93221 /-രൂപയുടെ മരുന്നുകൾ നാളിതുവരെയായി വിതരണം ചെയ്തിട്ടുണ്ട്.ബാക്കി 263625/-രൂപയുടെ മരുന്നുകൾ ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 ഐ.എ.വൈ ഭവനപദ്ധതി-പണി പൂർത്തീകരിക്കാത്തവർ

IAY പദ്ധതി പ്രകാരം ഒന്നോ അതിലധികമോ ഗഡു തുക കൈപ്പറ്റി വീടുപണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | അവസാന ഗഡു/ കൈപ്പറ്റിയ തുക/തിയ്യതി |
|---|---|---|---|
| 2011-12 | തങ്ക ഉണ്യാരൻ.പാമ്പും പടിക്കൽ ആളൂർ, കണ്ടാണശ്ശേരി | 82875 | 37875/26-7-14 |
| 2012-13 | ഷീല ബാലചന്ദ്രൻ കോട്ടിലപ്പുറത്ത് ഹൗസ്, ചൂണ്ടൽ | 113250 | 50000/15-6-17 |
| 2012-13 | നൂർജഹാൻ സിദ്ദിഖ്, മേലെയിൽ ഹൗസ് കാട്ടകാമ്പാൽ | 25000 | 25000/26-3-13 |
| 2012-13 | വിജിത സുരേഷ്, പുതുരുത്തി, പഴഞ്ഞി കാട്ടകാമ്പാൽ | 38250 | 38250/30-3-13 |
| 2012-13 | കാളി അയ്യപ്പൻ, വാര്യാത്ത്, വേലൂർ | 38250 | 38250/26-3-13 |
| 2013-14 | കാർത്തിക ജോയ്, ചൂണ്ടൽ, വേലൂർ | 35000 | 35000/24-3-13 |

| | | | |
|---|---|---|---|
| 2013-14 | സരസ്വതി ഗീരീഷ്, പാലയൂർ പറമ്പിൽ, കാട്ടകാമ്പാൽ | 35000 | 35000/3-2-14 |
| 2015-16 | ഉമൈബ ഷാജഹാൻ, മാളിയേക്കൽ കടവല്ലൂർ | 17500 | 17500/27-11-15 |
| 2015-16 | ഷീല തോമസ് ചക്രമാക്കിൽ, ചൂണ്ടൽ | 37500 | 37500/28-3-16 |
| 2015-16 | തങ്കം കോരൻ, പെരുമ്പിള്ളി, ചൂണ്ടൽ | 17500 | 17500/13-11-15 |
| 2015-16 | ദീപ സുനിൽ, പണിക്കത്ത് പറമ്പിൽ | 17500 | 17500/20-3-16 |
| 2014-15 | ആലിയമ്മ ഷീന ,ചൊവ്വന്നൂർ | 296000 | |
| 2015-16 | ഉദയപ്രദീപ് | 107500 | |

മേൽ പറഞ്ഞ ഗുണഭോക്താക്കൾക്ക് RR നോട്ടീസ് നല്കിയിട്ടുണ്ട്. റവന്യൂ റിക്കവറി തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 നിർമ്മാണങ്ങൾ പാതിവഴിയിൽ നിലയ്ക്കുന്നു

വേണ്ടത്ര സ്ഥല പരിശോധന നടത്താതേയും പ്രാദേശിക ജനങ്ങളുമായുള്ള സംവേദനത്തിന്റേയും അഭാവത്തിൽ പല പദ്ധതികളും പൂർത്തീകരിക്കാനാകാതെ ഇടയ്ക്കുവെച്ച് നിർത്തിവെയ്ക്കേണ്ടിവരുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1.പ്രോജക്റ്റ് നം. 94/19- ചൊവ്വല്ലൂർ പട്ടികജാതി കോളനിയിൽ പകൽവീട് നിർമ്മാണം

കരാറുകാരൻ - അഖിൽ ടി.എ.

അടങ്കൽ - 815800/-

ട്രഷറി ബിൽ നം.45/16-3-19 Rs.504492/-

കരാർ തീയ്യതി-28/12/17

കണ്ടാണശ്ശേരി ഗ്രാമ പഞ്ചായത്തിലെ ചൊവ്വല്ലൂർ പട്ടികജാതി കോളനിയിലെ വൃദ്ധ ജനങ്ങൾക്കായി $45.54m^2$ വിസ്തൃതിയിൽ ഒരു പകൽ വീട് നിർമ്മിക്കാനായി 2017-18 വർഷത്തിൽ പദ്ധതി തയ്യാറാക്കുകയും, 800000/- രൂപ പട്ടികജാതി ഫണ്ടും, 15800/- രൂപ ജനറൽ വിഭാഗം ഫണ്ടും (ആകെ 815800/-) വകയിരുത്തുകയും ചെയ്തു. പ്രവൃത്തി ടെണ്ടർ ചെയ്ത് 28/12/17 ൽ കരാറിൽ ഏർപ്പെട്ടു. ടെണ്ടർ നോട്ടീസ് പ്രകാരം ആറ് മാസമായിരുന്നു പൂർത്തീകരണ കാലാവധി. തുടർന്ന് ഭരണ സമിതിയുടെ 31/7/18 ലെ തീരുമാനം നം.4(1) പ്രകാരം കാലാവധി നീട്ടി നല്കി. എന്നാൽ കമ്മറ്റി തീരുമാനത്തിൽ

എത്ര കാലത്തേക്കാണ് നീട്ടി നല്കുന്നതെന്ന് വ്യക്തമാക്കിയിരുന്നില്ല. സ്ഥലം ചെരിവുള്ളതിനാൽ ഫൗണ്ടേഷനിൽ വ്യത്യാസം വരുന്നതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ 5-2-19ലെ ഭരണ സമിതി തീരുമാനമെടുത്തു. പകൽവീടിന്റെ മെയിൻ വാർപ്പ് വരെയുള്ള പ്രവൃത്തി പൂർത്തീകരിച്ച് കഴിഞ്ഞപ്പോഴേക്കും പ്രാദേശികരായ ചിലർ ജില്ലാ കളക്ടർക്ക് നിർമ്മാണം നടക്കുന്നത് ശ്മശാന ഭൂമിയിലാണെന്നും, ആയതിനാൽ പ്രവൃത്തി നിർത്തിവെയ്ക്കണമെന്ന് ആവശ്യപ്പെട്ട് പരാതി നല്കുകയും തുടർന്ന് പ്രവൃത്തി നിർത്തിവെയ്ക്കുകയുമായിരുന്നു. അതുവരെ പൂർത്തീകരിച്ച പ്രവൃത്തികളുടെ ബിൽ തയ്യാറാക്കി കരാറുകാരന് അനുവദിച്ചു. 29-6-19 ന് അസി. എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ പ്രസ്തുത പകൽവീട് നിർമ്മിച്ചിരിക്കുന്നത് ശ്മശാനത്തിനുള്ളിലാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

2.110/19- ആളൂർ കോളനി കുടിവെള്ള പദ്ധതിയും മറ്റ് കോളനി വികസന പ്രവൃത്തികളും

അടങ്കൽ - 1000000/-(SCP)

കരാറുകാരൻ - സി.എം.ബിജു

ട്രഷറി ബിൽ നം.58/26-3-19 Rs.494361/-

2017-18-ൽ ആരംഭിച്ച പ്രസ്തുത പ്രവൃത്തിക്കായി 17-2-18-ൽ കരാറിൽ ഏർപ്പെട്ടിരുന്നു. പൊതു കിണർ നവീകരണം, ശ്മശാനത്തിലേക്കുള്ള ഫുട്പാത്തുകൾ കോൺക്രീറ്റിംഗ്, ശ്മശാനത്തിന് ചുറ്റുമതിൽ തുടങ്ങിയ പ്രവൃത്തികളാണ് ഇതിൽ ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ ഇതിൽ പൊതു കിണർ നവീകരണം മാത്രമേ പൂർത്തീകരിക്കാനായുള്ളൂ. കോൺക്രീറ്റ് നടപ്പാത കോളനിയുടെ ഒരു വശത്ത് മാത്രമേ നിർമ്മിക്കാൻ ഫീസിബിലിറ്റി ലഭ്യമായുള്ളൂ. മാത്രമല്ല, സ്ഥലം കയ്യേറ്റത്തെത്തുടർന്ന് ശ്മശാനത്തിലേക്കുള്ള വഴി ഇല്ലാതായ അവസ്ഥയിലാണ്. ആയതുകൊണ്ടുതന്നെ പ്രാദേശികമായ എതിർപ്പിനെത്തുടർന്ന് പ്രവൃത്തി നിർത്തിവെയ്ക്കേണ്ടി വന്നു. ഒരു വശത്തുള്ള നടപ്പാത കോൺക്രീറ്റിംഗ്, ശ്മശാനം ചുറ്റുമതിൽ എന്നിവ ഉപേക്ഷിക്കേണ്ടിവന്നു. (കമ്മറ്റിയുടെ 28/5/19 ലെ തീ. നം.5(1)).

3. 96/19-ഒതളൂർ ബണ്ട്, പമ്പ് ഹൗസ് നിർമ്മാണം

അടങ്കൽ - 800000/-( പ്ലാൻ ഫണ്ട് Rs.500000/-, ഗ്രാമ പഞ്ചായത്ത് വിഹിതം Rs. 300000/-)

കരാറുകാരൻ - സി.എം.ബിജു.

കരാർ തീയ്യതി- 17-2-18

2017-18 ൽ കരാറിൽ ഏർപ്പെട്ട പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ താമസിക്കുകയും പിന്നീട് നിർമ്മാണ സ്ഥലത്ത് വെള്ളം കയറി എന്ന കാരണത്താൽ ഭരണ സമിതിയുടെ 30/8/18 ലെ 8(6) നം തീരുമാനപ്രകാരം കാലാവധി പിഴയില്ലാതെ നീട്ടി നല്കുകയും ചെയ്തു. എന്നാൽ പ്രവൃത്തി തുടങ്ങിയപ്പോൾ ഇറിഗേഷൻ വകുപ്പിന്റെ അധികാര പരിധിയിലുള്ള പ്രസ്തുത സ്ഥലത്ത് അതിക്രമിച്ച് കടന്ന് നിർമ്മാണ പ്രവൃത്തി നടത്തിയതിന് വിശദീകരണം ആവശ്യപ്പെടുകയും പ്രവൃത്തി ഉടനടി നിർത്തിവെയ്ക്കണമെന്ന് ആവശ്യപ്പെട്ട് ഇറിഗേഷൻ വകുപ്പ് കത്ത് നല്കുകയുമായിരുന്നു. ഇതുമായി ബന്ധപ്പെട്ട് 9/4/19 ൽ ബ്ലോക്ക് അസി. എഞ്ചിനീയർ സെക്രട്ടറിക്ക് നല്കിയ കത്തിൽ ഇറിഗേഷൻ വകുപ്പിന്റെ പൈപ്പ്, സ്ലൂയിസ് എന്നിവക്ക് ചില കേടുപാടുകൾ പറ്റിയിട്ടുണ്ടെന്നും, ആയതിന് നഷ്ട പരിഹാരം ആവശ്യപ്പെടുകയോ, കരാറുകാരന് വന്ന ചെലവ് തുക ആവശ്യപ്പെടുകയോ ചെയ്താൽ ഉചിതമായ തീരുമാനം ഉണ്ടാവണമെന്നും, മേൽ പ്രവൃത്തിക്കായി പഞ്ചായത്ത് വിഹിതമായി ലഭിച്ച 300000/- രൂപ തിരികെ നല്കി പ്രവൃത്തി അവസാനിപ്പിക്കാമെന്നും അറിയിച്ചിട്ടുണ്ട്. തുടർന്ന് 28-5-19 ലെ 2(16) നം. കമ്മറ്റി തീരുമാനപ്രകാരം പദ്ധതി ഉപേക്ഷിക്കുകയായിരുന്നു. എന്നാൽ 300000/- രൂപ പഞ്ചായത്തിന് തിരികെ നല്കുകയോ, സർക്കാരിലേക്ക് തിരികെ അടവാക്കുകയോ ചെയ്തിട്ടില്ല.

മുകളിൽ പരാമർശിച്ച പ്രവൃത്തികൾ പൂർത്തീകരിക്കാനാകാതെ ഉപേക്ഷിക്കേണ്ടിവന്നത് സൈറ്റ് പരിശോധന, ഭൂമിയുടെ ലഭ്യത തുടങ്ങിയ കാര്യങ്ങൾ ഉറപ്പ് വരുത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തതിനാലാണെന്നത് വ്യക്തമാണ്. ഇത് പാഴ്ചെലവിനും പൊതുപ്പണത്തിന്റെ ദുർവ്യയത്തിനും കാരണമാകുന്നു. കേരള പൊതുമരാമത്ത് മാന്വൽ 1601.1.1 ൽ പ്രിലിമിനറി എസ്റ്റിമേറ്റിനോടൊപ്പം സൈറ്റ് കണ്ടീഷൻ, ഭൂമിയുടെ ലഭ്യതാ സർട്ടിഫിക്കറ്റ്, കൂടാതെ അസി.എഞ്ചിനീയറുടെ താഴെ പറയുന്ന സർട്ടിഫിക്കറ്റ് എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണമെന്ന് പറയുന്നു.

“I the undersigned hereby certify that this preliminary estimate has been prepared by me after site inspection and provisions included are essentially required and adequate for the proper completion of work.”

ഇത്തരം കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും, മേൽ പറഞ്ഞവയിൽ ക്രമ നം.1 എപ്രകാരം പൂർത്തീകരിക്കാമെന്ന വിഷയത്തിൽ പ്രാദേശിക ജനങ്ങളുമായി ചർച്ച ചെയ്ത് തീരുമാനത്തിലെത്തേണ്ടതുമാണ്. ഇക്കാര്യങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-4 മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഫണ്ട് വകമാറ്റി ഉപയോഗിച്ചു

താഴെ പറയുന്ന പദ്ധതികൾ 2018-19 വർഷത്തിൽ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | ഫണ്ടിനം | അടങ്കൽ | ഏരിയ |
|---|---|---|---|---|
| 1 | 27/19-ജന്റർ കൗൺസലിംഗ് സെന്റർ നിർമ്മാണം | പ്ലാൻ ജനറൽ | 1500000 | 91.60 $m^2$ |
| 2 | 80/19-ശിശു വികസന ഓഫീസ് സ്റ്റോർ റൂം നിർമ്മാണം | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | “ | “ |
| 3 | 81/19- ക്ഷീര വികസന ഓഫീസ് സ്റ്റോർ റൂം നിർമ്മാണം | “ | “ | “ |

ഒരേ പ്ലാനും, ഒരേ എസ്റ്റിമേറ്റും ഒരേ അടങ്കലുമുള്ള മേൽ പറഞ്ഞവ വ്യത്യസ്ത പദ്ധതികളായി ആവിഷ്കരിക്കുകയും പിന്നീട് 29/11/18 ലെ 2/9 ാം നമ്പർ തീരുമാനപ്രകാരം ഒറ്റ സ്ട്രക്ചറായി പണിയാൻ തീരുമാനിക്കുകയുമായിരുന്നു. മൂന്ന് പ്രവൃത്തികളും പ്രത്യേകം പ്രത്യേകം ടെണ്ടർ ക്ഷണിക്കുകയായിരുന്നു. എല്ലാ പ്രവൃത്തികളും ഏറ്റെടുത്തിരിക്കുന്നത് ഒരേ കരാറുകാരനാണ്. മൂന്നും കൂടിച്ചേർത്ത് 274.80 $m^2$ ഉള്ള ഒരു വലിയ കെട്ടിടമാണ് നിലവിൽ പണിയുന്നത്. പ്ലാനിൽ മുകൾ നിലയിലേക്കുള്ള സ്റ്റെയർ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും ജന്റർ കൗൺസലിംഗ് സെന്ററിൽനിന്നും സ്റ്റെയർ പണിതിട്ടുണ്ട്. പ്ലാനിൽ മുകൾനില ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും മുകൾനില പണിയാവുന്ന രീതിയിലാണ് പണി നടക്കുന്നത്. ക്രമ നമ്പർ 2,3 എന്നിവയുടെ പേരിൽ സ്റ്റോർ റൂം എന്ന് ചേർക്കുകയും മെയിന്റനൻസ് ഫണ്ട് നോൺ റോഡ് ഫണ്ട് ഉൾപ്പെടുത്തുകയുമാണ് ചെയ്തിരിക്കുന്നത്. എന്നാൽ യഥാർത്ഥത്തിൽ ഓഫീസ് കെട്ടിടമാണ് നിർമ്മിക്കുന്നത്. പുതിയ നിർമ്മാണ പ്രവൃത്തികൾക്ക് മെയിന്റനൻസ് ഫണ്ട്

നോൺ റോഡ് ഫണ്ട് ഉപയോഗിക്കാനാവില്ല എന്നതിനാലാകാം ഇത്തരത്തിൽ ചെയ്തത് എന്നു കരുതുന്നു. ഇത്തരത്തിൽ ഫണ്ട് വകമാറ്റി ചെലവഴിക്കുന്നത് ക്രമപ്രകാരമല്ല. ഇത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ഇത്തരത്തിൽ ഫണ്ടിന്റെ തെറ്റായ വിനിയോഗം ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

ഒറ്റ പദ്ധതിയായി ആവിഷ്കരിക്കേണ്ടിയിരുന്നത് 15 ലക്ഷം വീതമുള്ള മൂന്ന് വ്യത്യസ്ത പദ്ധതികളായി നടപ്പാക്കിയതിലൂടെ സാങ്കേതികാനുമതി ബ്ലോക്ക് അസി. എക്സി.എഞ്ചിനീയർക്കുതന്നെ നല്കാനും സാധിച്ചു. ഇപ്രകാരം പദ്ധതികൾ ആവിഷ്കരിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

# 3-5 പട്ടികജാതി ഫണ്ടുപയോഗിച്ചുള്ള പദ്ധതികളിൽ ഫീസിബിലിറ്റി ഉറപ്പാക്കിയിട്ടില്ല

താഴെ പറയുന്ന പട്ടികജാതി ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികളിൽ സോഷ്യൽ മാപ്പ്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ ഉണ്ട് എന്നത് ഉറപ്പ് വരുത്തിയിട്ടില്ല.

1. പ്രോജക്ട് നം.42/19- മേലേ മിച്ചഭൂമി കുടിവെള്ള പദ്ധതി - വേലൂർ ഗ്രാ.പ.

ഈ പദ്ധതിക്കായി 2018-19 ൽ 500000/- രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് കൈമാറിയിട്ടുണ്ട്. എന്നാൽ പട്ടികജാതി ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികളിൽ അവശ്യം ഉണ്ടായിരിക്കേണ്ട സോഷ്യൽ മാപ്പ്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമായതായി കാണുന്നില്ല.

2. പ്രോജക്ട് നം. 50/19- പന്നിത്തടം ചിറമനേങ്ങാട് എസ്. സി. കോളനി കുടിവെള്ള പദ്ധതി- കടങ്ങോട് ഗ്രാ.പ.

ഇതിൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയതിൽ പട്ടികജാതി വികസന ഓഫീസർ 30%ത്തിലധികം പേർ പട്ടികജാതി വിഭാഗത്തിൽ പെട്ടവരാണെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. യഥാർത്ഥത്തിൽ 50%ത്തിലധികം പേർ പട്ടികജാതി വിഭാഗത്തിൽ പെട്ടവർ ഉണ്ടെങ്കിൽ മാത്രമേ പട്ടികജാതി ഫണ്ട് വകയിരുത്താനാകൂ. ആയതിനാൽ ഈ പ്രവൃത്തിക്കായി പട്ടികജാതി ഫണ്ട് വകയിരുത്തിയത് ക്രമപ്രകാരമല്ല.

3. പ്രോജക്ട് നം. 57/19- തലക്കോട്ടുകര എസ്.സി.കോളനി റോഡ് സൈഡ് പ്രൊട്ടക്ഷൻ, കോൺക്രീറ്റിംഗ്- ചൂണ്ടൽ ഗ്രാ.പ.

പ്രവൃത്തിയുടെ എസ്റ്റിമേറ്റിനോടൊപ്പം ചേർത്തിരിക്കുന്ന ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് മറ്റൊരു പദ്ധതിയായ ശങ്കരംകുളങ്ങര അംബേദ്കർ കോളനിയിൽ കുളം കുത്തി കുടിവെള്ളം ലഭ്യമാക്കൽ എന്ന പദ്ധതിയുടേതാണ്.

ഫീസിബിലിറ്റി, സോഷ്യൽ മാപ്പ് എന്നിവയുടെ അഭാവത്തിൽ എസ്.സി. ഫണ്ടുപയോഗിച്ച് പ്രവൃത്തികൾ ഏറ്റെടുക്കുന്നത് ഒഴിവാക്കേണ്ടതാണ്.

# 3-6 കുടിവെള്ള പദ്ധതികൾ– ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി ഭൂജല വകുപ്പിൽ തുക നിക്ഷേപിക്കുന്നത്- തുടർ പ്രവർത്തനം നടക്കുന്നില്ല

കുടിവെള്ള പദ്ധതികൾക്കായി ഓരോ വർഷവും വൻ തുകയാണ് ഭൂജല വകുപ്പിൽ ഡെപ്പോസിറ്റായി അടവാക്കുന്നത്. എന്നാൽ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടോ എന്നതിൽ

കാര്യമായ തുടർ പ്രവർത്തനങ്ങൾ ഉണ്ടാകുന്നില്ല. ഒരു വിശദമായ എസ്റ്റിമേറ്റുപോലും ഇല്ലാതെയാണ് മിക്ക പ്രവൃത്തികളിലും തുക കൈമാറിയിട്ടുള്ളത്. മിക്കവയിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും, കരാറിൽ പൂർത്തീകരണ കാലം രേഖപ്പെടുത്തിയിട്ടില്ല. കാലദൈർഘ്യം വരുത്തുമ്പോൾ പിഴ ഈടാക്കുന്നതിനെക്കുറിച്ചും കരാറിൽ രേഖപ്പെടുത്തലുകളില്ല. മുൻ വർഷത്തിൽ ഡെപ്പോസിറ്റായി നല്കിയവയുടെ പൂർത്തീകരണ, വിനിയോഗ വിവരം ലഭിക്കാതെയാണ് പുതിയവക്കായി ഡെപ്പോസിറ്റ് നല്കുന്നത്. ഡെപ്പോസിറ്റ് വിവരം പൂർണ്ണമായി ഡെപ്പോസിറ്റ് രജിസ്റ്ററിൽ ചേർക്കുന്നില്ല. ആയതുകൊണ്ടുതന്നെ ഏതെല്ലാം പ്രവൃത്തികൾക്കായി തുക ഡെപ്പോസിറ്റ് നല്കി, ഏതൊക്കെ പ്രവൃത്തികൾ പൂർത്തീകരിച്ചു തുടങ്ങിയ കാര്യങ്ങളിൽ തുടർ നിരീക്ഷണം സാധ്യമാകുന്നില്ല. 2018-19 വർഷത്തിൽ ഡെപ്പോസിറ്റായി നല്കിയവയുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഡെപ്പോസിറ്റ് തുക | ബിൽ വിവരം | റിമാർക്സ് |
|---|---|---|---|---|
| 1 | 156/19- നോങ്ങല്ലൂർ കുടിവെള്ള പദ്ധതി, പോർക്കളം ഗ്രാ.പ | 400000+100000 | ട്രഷറിബിൽ നം. 37/14-1-19&ട്രഷറി ചെക്ക് നം.2185947/dt.21-1-19 (തനത് ഫണ്ട്) | എസ്റ്റിമേറ്റില്ല, പൂർത്തീകരണ, വിനിയോഗ വിവരങ്ങളില്ല |
| 2 | 147/19- പന്നിത്തടം AKG നഗർ കുടിവെള്ള പദ്ധതി-കടങ്ങോട് ഗ്രാ.പ. | 165000+ 219494 | ട്രഷറി ചെക്ക് നം. 205822/12-11-18 &ട്രഷറി ബിൽ നം.24/16-10-18 | എസ്റ്റിമേറ്റില്ല. ഭൂജല വകുപ്പിന്റെ തീയ്യതിയില്ലാത്ത കത്തിൽ പ്രവൃത്തി പൂർത്തീകരിച്ചതായും ആകെ ചെലവ് 885094/- രൂപയാണെന്നും പറയുന്നു. |
| 3 | 150/19- കിരാലൂർ ലക്ഷം വീട് കുണ്ടിലങ്ങാടി എസ്.സി കോളനി കുടിവെള്ള പദ്ധതി- വേലൂർ ഗ്രാ.പ | 500000 | ട്രഷറി ബിൽ നം. 23/16-10-18 | എസ്റ്റിമേറ്റില്ല, പൂർത്തീകരണ, വിനിയോഗ വിവരങ്ങളില്ല |
| 4 | 50/19- പന്നിത്തടം ചിറമനേങ്ങാട് എസ്.സി.കോളനി കുടിവെള്ള പദ്ധതി- കടങ്ങോട് ഗ്രാ.പ. | 1000000 | ട്രഷറി ബിൽ നം.13/30-6-18 | " |
| 5 | 54/19- വെട്ടുകാട് കോളനി കുടിവെള്ള | 500000 | നം.12/30-6-18 | " |

| | | | | |
|---|---|---|---|---|
| | പദ്ധതി- ചൂണ്ടൽ ഗ്രാ.പ | | | |
| 6 | 31/19- പേങ്ങാട്ടുപാറ കുടിവെള്ള പദ്ധതി- കടങ്ങോട് ഗ്രാ.പ | 500000 | നം.11/30-6-18 | “ |
| 7 | 30/19- വെട്ടിക്കടവ് കുടിവെള്ള പദ്ധതി- പോർക്കുളം ഗ്രാ.പ | 500000 | നം.10/ “ | “ |
| 8 | 41/19- ചിറ്റിലങ്ങാട് പുതിയ മാത്തൂർ കുടിവെള്ള പദ്ധതി- കടങ്ങോട് ഗ്രാ.പ | 500000 | നം.9/ “ | “ |
| 9 | 42/19- മേലേ മിച്ചഭൂമി കുടിവെള്ള പദ്ധതി- വേലൂർ ഗ്രാ.പ | 500000 | നം.8/ “ | “ |
| 10 | 21/19- AKG നഗർ പ്ലാക്കാട് കുടിവെള്ള പദ്ധതി- കണ്ടാണശ്ശേരി ഗ്രാ.പ | 500000 | നം.7/ “ | “ |
| 11 | 44/19- നെല്ലിപ്പറമ്പ് കുടിവെള്ള പദ്ധതി രണ്ടാം ഘട്ടം- കടവല്ലൂർ ഗ്രാ.പ | 500000 | നം.6/ “ | “ |
| 12 | 47/19- വടക്കുംമുറി എസ്.സി. കോളനി കുടിവെള്ള പദ്ധതി | 500000 | നം.5/ “ | വിനിയോഗ വിവരം ലഭ്യമായതിൽ ആകെ ചെലവ് 475898/- ആണെന്നും ബാക്കി തുക മറ്റ് പ്രവൃത്തികളിലേക്ക് അഡ്ജസ്റ്റ് ചെയ്യുന്നതാണെന്നും പറയുന്നു. |
| 13 | 51/19- ഐന്നൂർ | 500000 | നം.4/ “ | എസ്റ്റിമേറ്റില്ല, |

| | | | | |
|---|---|---|---|---|
| | ലക്ഷം വീട് കോളനി കുടിവെള്ള പദ്ധതി- കാട്ടകാമ്പാൽ ഗ്രാ.പ | | | പൂർത്തീകരണ, വിനിയോഗ വിവരമില്ല |
| 14 | 49/19- സുന്ദരയ്യ കോളനി കുടിവെള്ള പദ്ധതി- കടവല്ലൂർ ഗ്രാ.പ | 500000 | നം.3/ " | " |
| 15 | 48/19- മണ്ണാംകുന്ന് കോളനി കുടിവെള്ള പദ്ധതി- കടങ്ങോട് ഗ്രാ.പ | 500000 | നം.2/ " | 30/11/18 ലെ ഭൂജല വകുപ്പിന്റെ കത്തിൽ പ്രസ്തുത പദ്ധതി പൂർത്തീകരിച്ചുവെന്നും ആകെ ചെലവ് 802473/- രൂപയാണെന്നും പറയുന്നു. |
| | ആകെ | 7384494/- | | |

മറ്റൊരു പദ്ധതിയായ ആനക്കല്ല് കുടിവെള്ള പദ്ധതിക്കായി (പ്രോജക്റ്റ്നം.120/19) പൂർത്തീകരണ വിവരം ലഭ്യമായ സാഹചര്യത്തിൽ ബാലൻസ് തുകയായ 12202/- രൂപ 2018-19 വർഷത്തിൽ ഭൂജല വകുപ്പിന് നല്കിയിട്ടുണ്ട്. 2017-18 ലും വിവിധ കുടിവെള്ള പദ്ധതികൾക്കായി രൂപ ഡെപ്പോസിറ്റായി നല്കിയിരുന്നു. അടുത്ത വാർഷിക പദ്ധതിയിൽ തുക ഡെപ്പോസിറ്റായി നല്കുന്നതിനു മുമ്പായി മുൻ വർഷങ്ങളിൽ ഡെപ്പോസിറ്റായി നല്കിയ തുകയുടെ പൂർത്തീകരണ, വിനിയോഗ വിവരങ്ങൾ ആവശ്യപ്പെടേണ്ടതാണ്.

## 3-7 ചൊവ്വല്ലൂർ പട്ടികജാതി കോളനിയിൽ പകൽവീട് നിർമ്മാണം - കോസ്റ്റ് ഇൻഡക്സിൽ വന്ന മാറ്റത്തിനനുസൃതമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്തില്ല- നഷ്ടം സംഭവിച്ചു

പ്രോജക്റ്റ് നം. 94/19 അടങ്കൽ -Rs.815800/-

ആദ്യ ടെണ്ടർ- 7/10/17 കരാറുകാരൻ -അഖിൽ ടി.എ

റീ ടെണ്ടർ - 17/11/17

കരാർ തീയ്യതി - 28/12/17

മേൽ പ്രവൃത്തിക്കായി 815800/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 15/9/17-ൽ സാങ്കേതികാനുമതി ലഭിച്ചു. കമ്മറ്റി തീരുമാനത്തെത്തുടർന്ന് പദ്ധതി 7/10/17 ന് ടെണ്ടർ നടത്തി. ടെണ്ടറുകളൊന്നും

ലഭിക്കാത്തതിനാൽ 17/11/17ൽ റീടെണ്ടർ നടത്തി. തുടർന്ന് ശ്രീ.അഖിൽ ടി.എ യുടെ സിംഗിൾ ടെണ്ടർ അംഗീകരിക്കുകയായിരുന്നു.

എന്നാൽ 1/10/17 മുതൽ അതുവരെയുണ്ടായിരുന്ന കോസ്റ്റ് ഇൻഡക്സായ 40.2 എന്നത് 37.25 ആയി മാറിയിരുന്നു. റീ ടെണ്ടറിനു മുൻപ് എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനുള്ള അവസരമുണ്ടായിട്ടും ആയത് ചെയ്തതായി കാണുന്നില്ല. ആയതിനാൽ ഈ പ്രവൃത്തിയിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/27-6-19) നല്കിയ മറുപടിയിൽ മതിയായ കാരണം നല്കിയാൽ മാത്രമേ പ്രൈസ് സോഫ്റ്റ് വെയറിൽ ഒരിക്കൽ നല്കിയ T.S. ക്യാൻസൽ ചെയ്യാൻ സാധിക്കുവെന്നും, റിവൈസ്ഡ് T.S. എന്ന ഓപ്ഷൻ പ്രൈസ് സോഫ്റ്റ് വെയറിൽ ഇല്ലാത്തതിനാലും, കോസ്റ്റ് ഇൻഡക്സ് കുറഞ്ഞുവെന്ന കാരണത്താൽ ഒരിക്കൽ ടെണ്ടർ ചെയ്ത പ്രവൃത്തി റീ ടെണ്ടർ ചെയ്യണമെന്ന് ഡിപാർട്ട്മെന്റ് ഉത്തരവൊന്നുമില്ലെന്നുമാണ് മറുപടി ലഭ്യമാക്കിയത്. അതാത് സമയത്ത് നിലവിലുള്ള നിരക്കുകൾ പ്രകാരമാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടത്. റീ ടെണ്ടറിനു മുൻപ് എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനുള്ള അവസരമുണ്ടായിരുന്നു. 2017-18 വർഷത്തിൽ നിരവധി സ്ഥാപനങ്ങൾ ഇത്തരത്തിൽ റീ ടെണ്ടറിനു മുൻപായി എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. ഗുരുവായൂർ നഗരസഭയിൽ 2017-18 ഇത്തരത്തിൽ നിരവധി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് റീ ടെണ്ടർ ചെയ്തിട്ടുണ്ട്. ആയതിനാൽ ഇതിന് പ്രൈസ് സോഫ്റ്റ് വെയറിൽ പ്രൊവിഷൻ ഇല്ല എന്നു പറയുന്നതും ശരിയല്ല.

സ്ഥാപനത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യങ്ങൾ മുൻ നിർത്തിവേണം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ. ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-8 അസി.എഞ്ചിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടർ, യു.പി.എസ്. എന്നിവ വാങ്ങിയത് - 37602/- രൂപയുടെ ചെലവ് വിവരം ലഭ്യമാക്കിയില്ല, വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തില്ല- ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം. 154/19

അടങ്കൽ - 148236/-(MGNR)

ചെലവ് -Rs. 121152/- ട്രഷറി ബിൽ നം. 7/27-2-19 &9/14-3-19

മേൽ പ്രവൃത്തിക്കായി വിശ്വാസ് കമ്പ്യൂട്ടേഴ്സ്, തൃശ്ശൂർ എന്ന സ്ഥാപനത്തിന് 83550/- രൂപയും, തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജ് കോപ്പറേറ്റീവ് സൊസൈറ്റിക്ക് 37602/- രൂപയും നല്കിയിട്ടുണ്ട്. ഇതിൽ തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജ് കോപ്പറേറ്റീവ് സൊസൈറ്റിക്ക് എന്തിനാണ് തുക കൈമാറിയതെന്ന് വ്യക്തമല്ല. ഇവരിൽനിന്നും സാധനങ്ങൾ വാങ്ങിയതിന്റെ ബില്ലുകളൊന്നും ഫയലിൽ ലഭ്യമല്ല. എന്നാൽ ഇവരുടെ കൈപ്പറ്റ് രസീതി ഫയലിൽ ഉണ്ട്. മാത്രമല്ല, വാങ്ങിയ സാധനങ്ങൾ ഒന്നും തന്നെ സ്റ്റോക്കിലെടുത്തിട്ടില്ല. ഈ സാഹചര്യത്തിൽ വിശദവിവരം ലഭ്യമാക്കുന്നതുവരെ ചെലവ് തുക മുഴുവനായും തടസ്സത്തിൽ വെക്കുന്നു.

## 3-9 കലശമലക്കുന്നിൽ പട്ടികജാതി വനിതകൾക്ക് വ്യവസായ സംരഭങ്ങൾ തുടങ്ങാനായി വാങ്ങിയ സ്ഥലം മറ്റ് ആവശ്യത്തിന് ഉപയോഗിക്കുന്നു

ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ അകതിയൂർ വില്ലേജ് സർവ്വേ നം. 433/4 ൽ 13 ആർ 80ച.മീ., സർവ്വേ നം.433/5 ൽ 20 ആർ27ച.മീ. എന്നീ സ്ഥലങ്ങൾ ബ്ളോക്ക് പഞ്ചായത്ത് ആസ്തിയായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് 2008-09 വർഷത്തിൽ പട്ടികജാതി വനിതകൾക്ക് വ്യവസായ സംരഭങ്ങൾ തുടങ്ങാനായി പട്ടികജാതി ഫണ്ടുപയോഗിച്ച് വാങ്ങിയതാണെന്ന് കാണുന്നു. എന്നാൽ ഈ സ്ഥലത്ത് വ്യവസായ സംരഭങ്ങളൊന്നും ബ്ലോക്ക് ആരംഭിച്ചിരുന്നില്ല.

ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 19-1-17 ലെ അടിയന്തിര മീറ്റിംഗിലെ 1ാം നമ്പർ തീരുമാന പ്രകാരം പോർക്കുളം ഗ്രാമ പഞ്ചായത്തിലെ കലശമല കുന്നിൽ നടപ്പാക്കുന്ന ഇക്കോ ടൂറിസം പദ്ധതിക്കായി പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ബ്ലോക്ക് പഞ്ചായത്തിൽ നിലനിർത്തിക്കൊണ്ട് ഗ്രാമ വികസന കമ്മീഷണറുടേയും, തദ്ദേശ സ്വയം ഭരണ വകുപ്പിന്റേയും അംഗീകാരത്തിന് വിധേയമായി സ്ഥലം വിട്ടുനല്കുന്നതിന് തീരുമാനിച്ചു. പ്രസ്തുത അനുമതിക്കായി ഗ്രാമ വികസന കമ്മീഷണർക്കും, തദ്ദേശ സ്വയം ഭരണ വകുപ്പിനും കത്തയച്ചെങ്കിലും നാളിതുവരെയായി അനുമതി ലഭിച്ചിട്ടില്ല. എന്നാൽ ഈ സ്ഥലത്ത് ടൂറിസം വകുപ്പിന്റെ 1.99 കോടിയുടെ ഇക്കോ ടൂറിസം പദ്ധതി ഏകദേശം പൂർത്തീകരിച്ച് വരുകയാണ്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങളിൽ വ്യക്തത വരുത്തേണ്ടതാണ്.

1. ഗ്രാമ വികസന കമ്മീഷണറുടേയും, തദ്ദേശ സ്വയം ഭരണ വകുപ്പിന്റേയും അനുമതി ലഭിക്കുന്നതിനു മുൻപ് ടൂറിസം വകുപ്പ് ഇവിടെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്തത് എപ്രകാരമാണ്.

2. പദ്ധതിയുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പുമായി ഏതെങ്കിലും തരത്തിലുള്ള ധാരണയിലെത്തിയിരുന്നുവോ എന്ന വിവരം

3. പട്ടികജാതി വനിതകൾക്ക് വ്യവസായ സംരഭങ്ങൾ തുടങ്ങാൻ മറ്റേതെങ്കിലും സ്ഥലം കണ്ടെത്തിയിട്ടുണ്ടോ എന്ന വിവരം

4. പട്ടികജാതി ഫണ്ടുപയോഗിച്ചു വാങ്ങിയ സ്ഥലം പട്ടികജാതിക്കാരുടെ ആവശ്യത്തിനുമാത്രമേ ഉപയോഗിക്കാവൂ എന്നിരിക്കേ ഇപ്രകാരം തീരുമാനം എടുക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

5. ഇക്കോ ടൂറിസം പദ്ധതിയിലൂടെ ബ്ലോക്ക് പഞ്ചായത്തിന് ഏതെങ്കിലും രീതിയിൽ വരുമാനം ലഭ്യമാകുമോ എന്ന വിവരം

6. പ്രസ്തുത സ്ഥലം ജൈവ മേഖലയായി പരിസ്ഥിതി വകുപ്പ് തീരുമാനിച്ചതിനുശേഷമാണോ ബ്ലോക്ക് പഞ്ചായത്ത് ഈ സ്ഥലം വാങ്ങിയത് എന്ന വിവരം

മേൽ വിവരങ്ങൾ എത്രയും വേഗം ലഭ്യമാക്കേണ്ടതാണ്. ഇക്കാര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ താല്പര്യങ്ങൾ കൂടി സംരക്ഷിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-10 ബ്ലോക്ക് പഞ്ചായത്ത് കണ്ടാണശ്ശേരിയിലെ വിത്തുല്പാദന കേന്ദ്രം- രേഖകളുടെ അഭാവത്തിൽ ഉടമസ്ഥാവകാശം നഷ്ടപ്പെട്ടു

ആസ്തി രജിസ്റ്റർ പ്രകാരം കണ്ടാണശ്ശേരിയിൽ സർവ്വേ നം. 442/2 ൽ 4ആർ 5.6ച.മീ. സ്ഥലത്ത് ബ്ലോക്ക് പഞ്ചായത്തിന്റെ വിത്തുല്പാദന കേന്ദ്രം സ്ഥിതിചെയ്യുന്നു. ഏകദേശം 40 വർഷങ്ങൾക്ക് മുൻപായി ഈ സ്ഥലം കെ.എ.തോമസ്, കാക്കശ്ശേരി ഹൗസ് എന്നയാൾ ബ്ലോക്ക് പഞ്ചായത്തിന് സറണ്ടർ ചെയ്യുതും, ബ്ലോക്ക് പഞ്ചായത്ത് ഇവിടെ ഒരു വിത്തുല്പാദന കേന്ദ്രം പണിത് പ്രവർത്തിച്ച് വന്നിരുന്നതുമാണ്. 2008ൽ ടി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കായി ചെന്നപ്പോൾ ടി വസ്തു തന്റേതാണെന്ന് അവകാശപ്പെട്ട് മരണപ്പെട്ട കെ.എ.തോമാസിന്റെ ഭാര്യ വടക്കാഞ്ചേരി മുൻസിഫ് കോടതിയിൽ കേസ് ഫയൽ ചെയ്യുകയും(O.S.427/2008), പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് യാതൊരു

രേഖകളും ബ്ലോക്ക് പഞ്ചായത്തിന്റെ പക്കൽ ഇല്ലാത്തതിനാൽ വാദികൾക്ക് അനുകൂല വിധിയുണ്ടാകുകയും, ഇതിനെതിരെ ബ്ലോക്ക് പഞ്ചായത്ത് തൃശ്ശൂർ സബ് കോടതിയിൽ അപ്പീൽ നല്കുകയും(A.S.309/2009), ആയത് 31/10/18 ന് കോടതി തള്ളുകയും ചെയ്തു. തുടർന്ന് ഹൈക്കോടതിയിൽ R.S.A.No.260/2019 ആയി കേസ് തുടരുന്നു. എന്നാൽ ഇപ്പോഴും ഉടമസ്ഥാവകാശം സംബന്ധിച്ച യാതൊരു രേഖകളും ബ്ലോക്കിൽ ലഭ്യമല്ല.

ഒരു വ്യക്തി അയാളുടെ സ്ഥലം പഞ്ചായത്തിന് സറണ്ടർ ചെയ്തു തരുമ്പോൾ ടി. സ്ഥലം എത്രയും വേഗം പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്യേണ്ടതും, വില്ലേജ് രേഖകളിൽ ആയതു പ്രകാരമുള്ള മാറ്റം വരുത്തേണ്ടതുമാണ്. അതിനുശേഷം മാത്രമേ ആസ്തി രജിസ്റ്ററിൽ ഈ സ്ഥലം പഞ്ചായത്തിന്റെ ആസ്തിയായി ചേർക്കാവൂ. കേസിന്റെ തുടർ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 3-11 കടവല്ലൂർ ഗ്രാമ പഞ്ചായത്തിലെ ബ്ലോക്ക് പഞ്ചായത്തിന്റെ സ്ഥലം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

കടവല്ലൂർ ഗ്രാമ പഞ്ചായത്തിൽ പകൽവീടിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കടവല്ലൂർ പഞ്ചായത്തിലെ വട്ടമ്മാവ് എസ്.സി. കോളനിയിലെ മൃഗാശുപത്രിയുടേയും, ആയുർവ്വേദ ഡിസ്പെൻസറിയുടേയും മദ്ധ്യേയുള്ള പുറമ്പോക്കെന്ന് കരുതിയിരുന്ന സ്ഥലത്ത് പകൽവീടിന്റെ നിർമ്മാണം ആരംഭിക്കുന്നതിനായി പുറമ്പോക്ക് രജിസ്റ്റർ വില്ലേജ് ഓഫീസിൽ പരിശോധിച്ചതിൽ പ്രസ്തുത സ്ഥലം 1973ൽ ബ്ലോക്ക് പഞ്ചായത്ത് വില്ലേജ് ഹൗസിംഗ് സ്കീമിൽ ഉൾപ്പെടുത്തി വാങ്ങിയതാണെന്നും, ഇതിൽനിന്നും 2010ൽ 63 പേർക്കായി 5 സെന്റ് വീതം സ്ഥലങ്ങൾ അനുവദിച്ച് പട്ടയം നല്കിയിട്ടുണ്ടെന്നും, ബാക്കി സ്ഥലം ഇപ്പോഴും ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലാണെന്നും അറിയുകയുണ്ടായി. തുടർന്ന് ഇതിൽനിന്നും 5 സെന്റ് സ്ഥലം പകൽവീടിന്റെ നിർമ്മാണത്തിനായി ഭരണസമിതിയുടെ 25/10/18 ലെ 5(1)ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിന് വിട്ടുനല്കുകയായിരുന്നു. എന്നാൽ ഈ സ്ഥലത്തിൽ ഇനിയെത്ര സ്ഥലം ബാക്കിയുണ്ടെന്ന് എവിടേയും രേഖപ്പെടുത്തിക്കാണുന്നില്ല. മാത്രമല്ല, ഈ സ്ഥലം ആസ്തി രജിസ്റ്ററിലും ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈ സ്ഥലം വില്ലേജ് രേഖകളുമായി ഒത്തുനോക്കി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-12 സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

1) പദ്ധതി മാർഗ്ഗരേഖ പ്രകാരം സംയുക്ത പ്രോജക്റ്റുകളോടനുബന്ധിച്ച് പങ്കാളികളായ തദ്ദേശ ഭരണ സ്ഥാപനങ്ങൾ തമ്മിൽ കരാറിൽ ഏർപ്പെടേണ്ടതാണ്. ആയത് ചെയ്തിട്ടില്ല.

2) വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയ വിഹിതത്തിന്റെ ചെലവു രേഖകൾ/വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം | പദ്ധതി | ട്രഷറി ബിൽ നം | വിഹിതം കൈമാറിയ സ്ഥാപനം | കൈമാറിയ വിഹിതം /സ്ഥാപനം | വിനിയോഗിയ്ക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|---|
| 1 | Sooo1/19 ഐ.കെ.എം-ന് പ്രവർത്തന ഫണ്ട് കൈമാറൽ | 12/31.8.18 | എക്സി.ഡയറക്ടർ ഐ.കെ.എം. | 63700/- | 63700/- |
| 2 | Sooo33/19- സുശാന്തം | 5/29.06.18 | സുശാന്തം സൊസൈറ്റി | 100000/- | 100000/- |

| | | | | | |
|---|---|---|---|---|---|
| | വയോജനക്ഷേമ പ്രവർത്തനം ജില്ലാ പഞ്ചായത്തിന് വിഹിതം കൈമാറൽ | | ഫോർ കെയർ & കംപാഷൻ | | |
| 3 | Soo53/19- വിജ്ഞാൻ സാഗർ ജില്ലാ പഞ്ചായത്തിന വിഹിതം കൈമാറൽ | 4/29.06.18/ | വിജ്ഞാൻ സാഗർ ടെക്നോളജി പാർക്ക് | 200000/- വിജ്ഞാൻ സാഗർ ടെക്നോളജി പാർക്ക് | 200000 |
| 4 | Soo56/19 വെള്ളാറ്റഞ്ഞൂർ കൈതക്കോടൻ മഠം റോഡ് -വേലൂർ ഗ്രാമ പഞ്ചായത്തിന് വിഹിതം കൈമാറൽ | 7/31.8.18 | വേലൂർ ഗ്രാമ പഞ്ചായത്ത് | 500000/- വേലൂർ ഗ്രാമ പഞ്ചായത്ത് | 500000 |
| 5 | Soo59/19- മണ്ടുമ്പാൽ മിൽറോഡ് -ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്തിന് വിഹിതം കൈമാറൽ | 10/31.8.18 | ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്ത് | 400000/- | 400000/- |
| 6 | Soo63/19- മുതിരം പറമ്പത്ത് റോഡ് -ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്തിന് വിഹിതം കൈമാറൽ | 9/31.8.18 | ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്ത് | 300000 | 300000 |
| 7 | Soo65/19- കുറുനെല്ലിപ്പറമ്പ് മിൽറോഡ് -ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്തിന് വിഹിതം കൈമാറൽ | 11/31.8.18 | ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്ത് | 300000 | 300000 |
| 8 | Soo69/19- ആല്പപ്പറമ്പ് | 6/31.8.18 | ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്ത് | 250000 | 33420 |

| | | | | | |
|---|---|---|---|---|---|
| | കോളനി റോഡ് -ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്തിന് വിഹിതം കൈമാറൽ | | | | |
| 9 | Soo68/19- മുതിരം പറമ്പത്ത് റോഡ് -ചൂണ്ടൽ ഗ്രാമ പഞ്ചായത്തിന് വിഹിതം കൈമാറൽ | 42/23.10.18 | ചൂണ്ടൽ ഗ്രാമ പഞ്ചായത്ത് | 250000 | 324 |
| 10 | Soo87/19- ചൂണ്ടൽ കുന്നിൽ കുടിവെള്ളത്തിന് കുളം ചൂണ്ടൽ ഗ്രാമ പഞ്ചായത്തിന് വിഹിതം കൈമാറൽ | 34/31.10.18 | ചൂണ്ടൽ ഗ്രാമ പഞ്ചായത്ത് | 500000 | 440000 |
| 11 | Soo79/19- പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ മുലയൂട്ടാൻ മുറി നിർമ്മിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 43/23.11.18 | ചൂണ്ടൽ ഗ്രാമ പഞ്ചായത്ത് | 500000 | 500000 |
| | | 41/23.11.18 | വേലൂർ ഗ്രാമ പഞ്ചായത്ത് | 500000 | 500000 |
| | | 44/26.11.18 | കടങ്ങോട് ഗ്രാമ പഞ്ചായത്ത് | 500000 | 500000 |
| 12 | Soo138/19 കടവല്ലൂർ പഞ്ചായത്തിലെ വട്ടമാവ് എസ് സി കോളനി പകൽ വീട് വിഹിതം നൽകൽ | 18/31.08.18 | കടവല്ലൂർ ഗ്രാമ പഞ്ചായത്ത് | 1200000 | 1200000 |
| 13 | Soo137/19- വേലൂർ ഗ്രാമ പഞ്ചായത്തിലെ തണ്ടിലം പാറപ്പുറം താഴിശ്ശേരി റോഡ് ടാറിംഗ് | 8/31.08.18 | വേലൂർ ഗ്രാമ പഞ്ചായത്ത് | 500000 | 32757 |

| | | | | | |
|---|---|---|---|---|---|
| | പ്രവർത്തികൾക്ക് ബ്ലോക്ക് വിഹിതം നൽകൽ | | | | |
| 14 | Soo73/19- രാമപുരം റോഡ് കാട്ടകാമ്പാൽ ഗ്രാമ പഞ്ചായത്തിന് ബ്ലോക്ക് വിഹിതം കൈമാറൽ | 20/16.10.18 | കാട്ടകാമ്പാൽ ഗ്രാമ പഞ്ചായത്ത് | 500000 | 500000 |
| 15 | 85/19 മമ്പറമ്പ് പൂക്കാട്ട്മുക്ക് കുടിവെള്ള പദ്ധതി | | വേലൂർ ഗ്രാമപഞ്ചായത്ത് | 5,00,000 | 5,00,000 |
| 16 | 160/19 ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട പട്ടികജാതി വിഭാഗം വനിതകൾക്ക് കിടപ്പാട ഭൂമി വാങ്ങൽ | | | 7,30,000 | 3,65,000 |
| | ആകെ | | | | 6435201 |

ക്രമ നം 2,3 പദ്ധതികൾ ജില്ലാ പഞ്ചായത്തിനു വിഹിതം കൈമാറൽ എന്നാണെങ്കിലും അതതു സംഘടനകളിലേക്ക് നേരിട്ട് കൈമാറുകയാണ് ചെയ്തത്. ആയതിന്റെ അനുബന്ധ നിർദ്ദേശങ്ങൾ/ഉത്തരവുകൾ ഉണ്ടെങ്കിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. പദ്ധതി നം Soo79/19- പ്രകാരം മുലയൂട്ടാൻ മുറി നിർമ്മിക്കുന്നതിന് കടങ്ങോട് ഗ്രാമ പഞ്ചായത്തിന് 500000 രൂപ അനുവദിച്ചിട്ടുണ്ട് . ഇതേ ആവശ്യത്തിനായി പഞ്ചായത്തിന് മുൻവർഷവും 103/17-18 നം. പദ്ധതി പ്രകാരം 5 ലക്ഷം രൂപ അനുവദിച്ചിരുന്നു. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം പൂർണ്ണമായും ലഭ്യമാകാതെ (17-18 ഓ.റി ) തുടർന്ന് തുക അനുവദിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്. 15, 16 ക്രമനമ്പറുകളിലുള്ള പദ്ധതികളുടെ project, Treasury bill എന്നിവ ലഭ്യമാക്കിയില്ല. വിനിയോഗ വിവരം മാത്രമാണ് ലഭ്യമാക്കിയത്. (ഓഡിറ്റ് എൻക്വയറി നം. 16/29.6.19)

## **3-13** പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ പദ്ധതികളോടനുബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു

1.പദ്ധതി നം . So141/19- പുതുശ്ശേരി കോളനി കമ്മ്യൂണിറ്റി ഹാൾ വികസനം

പദ്ധതി അടങ്കൽ-500000/-

ചെലവ്- 363372/- (ട്രഷറിബിൽ നം. 14/23.03.2019)

പുതുശ്ശേരി അംബേദ്കർ കോളനി കമ്മ്യൂണിറ്റി ഹാൾ ബ്ലോക്ക് പഞ്ചായത്ത് ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുള്ളതാണ്. ആസ്തികൾ നിർമ്മിച്ച് ഗ്രാമപഞ്ചായത്തിന് കൈമാറി

കഴിഞ്ഞാൽ ആസ്തിയുടെ തുടർന്നുള്ള സംരക്ഷണ പ്രവർത്തികൾ ഗ്രാമ പഞ്ചായത്തുകളാണ് നിർമ്മിക്കേണ്ടത്. എന്നാൽ പദ്ധതിയുടെ ഭാഗമായി ഗ്രാമ പഞ്ചായത്തിന് കൈമാറിയ കമ്മ്യൂണിറ്റി ഹാളിലേക്ക് കസേര മേശ എന്നിവ വാങ്ങുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് 362372 രൂപ ചെലവഴിച്ചിട്ടുണ്ട്.ആയത് ശരിയല്ല.

19.04.2000ലെ സ.ഉ (ആർ ടി) നം .472/2000/ഐഡി പ്രകാരം സർക്കാർ സ്ഥാപനങ്ങളിലേക്ക് പ്ലാസ്റ്റിക് മോൾഡഡ് ഫർണീച്ചർ വാങ്ങുന്നതിനു വേണ്ട സർക്കാർ ഏജൻസി ആയി സിഡ്കോയോ നിയമിച്ചിട്ടുണ്ട്. പക്ഷേ സ.ഉ (സാധാ) നം 1696/2018/ തസ്വഭവ തീ.22.06.2018 ലെ ഉത്തരവു പ്രകാരം സിഡ്കോയുടെ ചെറുകിട (MSME) യൂണിറ്റുകളിൽ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനാണ് സിഡ്കോയെ ഒരു നോഡൽ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി വാങ്ങിയ നീൽ കമൽ ചെയർ (പ്ലാസ്റ്റിക് മോൾഡഡ് ആംലെസ് -200 എണ്ണം @ 620/-) സിഡ്കോയുടെ ചെറുകിട യൂണിറ്റുകളിൽ ഉത്പാദിപ്പിക്കപ്പെടുന്നതല്ല. ആയതിന് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാത്തതെന്തു കൊണ്ടെന്ന് വ്യക്തമാക്കേണ്ടതാണ്.

2. പദ്ധതി നം .soo 11/19 -പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി -ധനസഹായം നൽകുന്നത് സംബന്ധിച്ച്

പദ്ധതി അടങ്കൽ -2000000-

ചെലവ്- 1867000/-

ട്രഷറിബിൽ നം. 1/17.09.18-100000

ട്രഷറിബിൽ നം. 2/03.10.18-140000

ട്രഷറിബിൽ നം. 3/05.11.18-100000

ട്രഷറിബിൽ നം. 4/26.11.18-140000

ട്രഷറിബിൽ നം. 5/30.11.18- 150000

ട്രഷറിബിൽ നം. 6/13.12.18-100000

ട്രഷറിബിൽ നം. 7/22.12.18-100000

ട്രഷറിബിൽ നം. 8/31.12.18- 100000

ട്രഷറിബിൽ നം. 9/14.01.19-110000

ട്രഷറിബിൽ നം. 11/31.01.19-157000

ട്രഷറിബിൽ നം. 12/04.02.19-100000

ട്രഷറിബിൽ നം. 10/23.01.19-150000

ട്രഷറിബിൽ നം. 13/21.02.19-100000

ട്രഷറിബിൽ നം. 15/22.03.19-120000

ട്രഷറിബിൽ നം. 16/22.03.19-100000

ട്രഷറിബിൽ നം. 17/22.03.19-100000

സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം. 22/2018/ തസ്വഭവ തീ.14.02.18 പ്രകാരം പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കാൻ വീടിനോട് ചേർന്ന് 100 ചതുരശ്ര അടിയിൽ അധികരിക്കാതെ പഠന മുറി നിർമ്മിക്കാവുന്നതും ആയതിന് 2 ലക്ഷം രൂപ നൽകാവുന്നതുമാണ്. എന്നാൽ പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന വിദ്യാർത്ഥികൾക്കു വേണ്ടി 100 ചതുരശ്ര അടിയിൽ അധികരിച്ചതായി (പ്ലാൻ, പെർമിറ്റ് പ്രകാരം ) കാണുന്നു.

| വിദ്യാർത്ഥിയുടെ പേര് | രക്ഷാകർത്താവിന്റെ പേര് | പഠന മുറിയുടെ തറവിസ്തീർണം | അനുവദിച്ച തുക |
|---|---|---|---|
| അമൽദാസ്.ടി.എസ് | ശിവദാസൻ.ടി.എസ് കണ്ടാണശ്ശേരി ഗ്രാമ പഞ്ചായത്ത് | 170 | 200000 |
| ശ്രീന | കുമാരൻ.എൻ.എ., കാട്ടകാമ്പാൽ ഗ്രാമ പഞ്ചായത്ത് | 133 | 200000 |
| സന്ധ്യ | മിനി കടങ്ങോട് ഗ്രാമ പഞ്ചായത്ത് | 185 | 200000 |
| ഗോപിക | ഗോപി കടങ്ങോട് ഗ്രാമ പഞ്ചായത്ത് | 118 | 200000 |
| അമൃത.എ.പി. | പുനർജൻ.എ.കെ. ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്ത് | 111 | 200000 |

എഞ്ചിനീയറുടെ മൂല്യ നിർണ്ണയ സാക്ഷ്യ പത്രത്തോടൊപ്പം പണി പൂർത്തീകരിച്ച ഏരിയ രേഖപ്പെടുത്തിയിട്ടില്ല. അർഹമായ തറവിസ്തീർണത്തിലുള്ള നിർമ്മാണത്തിനു വേണ്ടി ആനുപാതികമായ തുക അനുവദിക്കാതെ പരമാവധി തുക അനുവദിച്ചത് ശരിയല്ല. മേൽ ഗുണഭോക്താക്കൾക്ക് വേണ്ടിയുള്ള 1000000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം. 3/27.6.19)

## 3-14 പാലിനു സബ്സിഡി-വികസന ഫണ്ടിൽ നിന്നും അർഹമായതിലും അധികം തുക ചെലവഴിച്ചു

പദ്ധതി. നം. s0010/18 ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് സബ്സിഡി
നിർവ്വഹണ ഉദ്യോഗസ്ഥൻ- ഡയറി എക്സ്റ്റൻഷൻ ഓഫീസർ
പദ്ധതി അടങ്കൽ.1000000 രൂപ
ചെലവ് . 1000000 രൂപ
(ട്രഷറി ബിൽ നം .1/25.09.18)

സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ) നം. 22/2018/ തസ്വഭവ തീ.14.02.18 പ്രകാരം) പ്രകാരം ക്ഷീര

സംഘങ്ങളിൽ നൽകുന്ന ഒരു ലിറ്റർ പാലിന് പരമാവധി 4 രൂപ തോതിൽ കണക്കാക്കി അത്രയും തുക കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകണം (ക്ഷീര വികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ) പക്ഷേ പദ്ധതി പ്രകാരം ഡിപ്പാർട്ട്മെന്റ് വിഹിതം ഉൾപ്പെടുത്താതെ ഒരു ലിറ്ററിന് സബ്സിഡി തുക 4 രൂപ പൂർണ്ണമായും വികസന ഫണ്ടിൽ നിന്നും വകയിരുത്തി ട്രഷറി ബിൽ നം .1/25.09.18 പ്രകാരം താഴെ പറയും പ്രകാരം 1000000 രൂപ വിവിധ പഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുണ്ട് .

| ക്രമ നം. | ഗ്രാമപഞ്ചായത്ത് | അനുവദിച്ച വിഹിതം |
|---|---|---|
| 1 | കണ്ടാണശ്ശേരി | 100000 |
| 2 | വേലൂർ | 500000 |
| 3 | ചൂണ്ടൽ | 100000 |
| 4 | കാട്ടകാമ്പാൽ | 250000 |
| 5 | പോർക്കുളം | 50000 |
| | ആകെ | 1000000 |

ഓഡിറ്റ് എൻക്വയറി 2/27.06.2019-ന് ലഭ്യമാക്കിയ മറുപടി പ്രകാരം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഗ്രാമ പഞ്ചായത്തുകൾ ക്ഷീര കർഷകർക്ക് ലിറ്റർ ഒന്നിന് പരമാവധി 4 രൂപ അനുവദിക്കുന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്നും 2018-19 സാമ്പത്തിക വർഷം ക്ഷീരവികസന വകുപ്പിൽ നിന്നും ഫണ്ട് ലഭിച്ചിരുന്നില്ലെന്നും വ്യക്തമാണ്. ആയതിനാൽ ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും 4 രൂപ നിരക്കിൽ നൽകിയിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചുറപ്പു വരുത്തേണ്ടതും അധിക തുക നൽകിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കേണ്ടതുമാണ്.

## 3-15 ജിപിജി വൗച്ചറുകൾ- അപാകതകൾ

ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ കണ്ടിജന്റ് ചെലവുകളോടനുബന്ധിച്ച വൗച്ചറുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

1) ചെലവുകളോടനുബന്ധിച്ച് സാംഖ്യയിൽ നിന്നുള്ള പെയ്മെന്റ് വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല

2)ഡ്രൈവർമാർക്ക് യാത്രാബത്ത നൽകിയതിനോടനുബന്ധിച്ച രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. യാത്രാ ബത്ത ബില്ലുകളിൽ നിരക്ക് കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ഹാൾട്ട് പ്രത്യേകം കാണിച്ചിട്ടില്ല.

3)പർച്ചേസ് ബില്ലുകളിൽ സ്റ്റോക്ക് രേഖപ്പെടുത്തൽ സംബന്ധിച്ച സാക്ഷ്യപത്രം ഇല്ല

4)കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നത് സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല

5) ചെക്ക് നം 206217 തീ.17.12.18 പ്രകാരം 20000 രൂപ ശ്രീ.കെ.കെ.ഷൺമുഖൻ, എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം) എന്നവർക്ക് നൽകിയിട്ടുണ്ട്. ആയത് നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

## 3-16 ലൈഫ് പദ്ധതിക്ക് അധിക ധനസഹായം അനുവദിച്ചു

പ്രോജക്റ്റ് നം - 5/19

2013-14 വർഷത്തെ IAY ഗുണഭോക്താവായ പ്രസീദ.എ.വി. w/o ഷാജി, പണിക്കത്ത് പറമ്പിൽ, കാട്ടകാമ്പാൽ എന്നവരെ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുകയും 2017-18, 2018-19 വർഷങ്ങളിലായി താഴെ പറയും പ്രകാരം അനുവദിച്ചിട്ടുണ്ട്.

| തിയ്യതി | തുക |
|---|---|
| 7-2-18 | 34833+14167 |
| 7-4-18 | 75000 |
| 23-5-18 | 25000 |
| 2-6-18 | 30000 |
| 21-6-18 | 86000 |
| 28-1-18 | 49167 |
| ആകെ | 314167 |

തുക അധികം അനുവദിക്കുവാൻ ഇടവന്നിട്ടുണ്ടോ എന്നുള്ളത് പുന:പരിശോധിക്കേണ്ടതും അധികം അനുവദിച്ചതായി കണ്ടെത്തിയാൽ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. 2013-14 വർഷം ഭവന നിർമ്മാണ ധനസഹായമായി ടിയാരി 75000 രൂപ കൈപ്പറ്റിയിരുന്നു. (25% of 300000). പിന്നീട് ഭവനനിർമ്മാണത്തിനുള്ള ധനസഹായത്തിന്റെ യൂണിറ്റ് നിരക്ക് 3 ലക്ഷം രൂപയായി നിജപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാരിക്ക് ആകെ നൽകാവുന്നത് 300000 (75% of 400000) രൂപയാണ്. അധികം അനുവദിച്ച 14167 രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-17 മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. നടപ്പിലാക്കിയ പദ്ധതികൾ

പദ്ധതി നമ്പർ 134/19, തുക : 7,44,994/- (ട്രഷറി ബിൽ നമ്പർ 18/19 തീയതി. 26.11.18)

മെഡിക്കൽ ഓഫീസർ സി.എച്ച്.സി. നടപ്പിലാക്കിയ പദ്ധതികളുടെ ഭാഗമായി മരുന്നുകൾ വാങ്ങുന്നതിലേക്കായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് പ്രൊഫോർമ ഇൻവോയ്സ് നം PRF 2678/24-11-18-ന്റെ അടിസ്ഥാനത്തിൽ തുക കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം / തിയതി | തുക | മരുന്ന് ലഭിച്ചത് | ഇനി മരുന്ന് ലഭ്യമാവാനുള്ളത് |
|---|---|---|---|---|
| 1 | 18/18-19 /26.11.18 | 275000 | 25414 | 249586 |

മരുന്നുകൾ ലഭ്യമാകുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-18 സുലേഖ ചെലവ് പത്രികയിൽ ചെലവ് രേഖപ്പെടുത്തി കാണുന്നില്ല

പി.എം.എ.വൈ. ജില്ലാ പഞ്ചായത്ത് വിഹിതമായി 2018-19 വർഷത്തിൽ 7516000 രൂപയും ഗ്രാമ പഞ്ചായത്ത് വിഹിതമായി 1032914 രൂപയും ലഭിച്ചിട്ടുണ്ട്. ആയതിൽ നിന്നും പി.എം.എ.വൈ., ലൈഫ് പ്രോജക്റ്റുകൾ പ്രകാരം ചെലവും ഉള്ളതാണ്. എന്നാൽ സുലേഖ ചെലവു പത്രികയിൽ മേൽ പ്രകാരമുള്ള ചെലവു വരുന്നില്ല. അപാകത പരിഹരിയ്ക്കേണ്ടതാണ്.

# 3-19 ലൈഫ് വിഹിതം കൈമാറൽ

പ്രോജക്ട് നം -144/19

നിർവഹണോദ്യോഗസ്ഥൻ-സെക്രട്ടറി

പ്രോജക്ടിന്റെ പേര്-ലൈഫ് ഭവനം ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ(ജനറൽ)

മേൽ പദ്ധതി പ്രകാരം താഴെ പറയുന്ന പഞ്ചായത്തുകൾക്ക് ലൈഫ് മിഷൻ പദ്ധതിക്കായി വിഹിതം കൈമാറിയിട്ടുണ്ട്.വിവരം താഴെ പറയുന്നു.

| പഞ്ചായത്ത് | ബിൽ നം | തുക | ബിൽ നം | തുക | വിനിയോഗ വിവരം ലഭ്യമാക്കാനുള്ളത് |
|---|---|---|---|---|---|
| കടവല്ലൂർ | 23/18-19 dt. 29-10-18 | 735000 | 47/18-19dt 31-12-18 | 175000 | 910000 |
| ചൊവ്വന്നൂർ | 24/18-19 dt. 29-10-18 | 665000 | “’ | 35000 | 700000 |
| വേലൂർ | 25/18-19 dt. 29-10-18 | 770000 | “” | 385000 | 80423 |
| കാട്ടകാമ്പാൽ | 29/18-19 dt. 29-10-18 | 840000 | | - | 840000 |
| പോർക്കുളം | 35/18-19 dt. 31-10-18 | 455000 | | - | 455000 |
| ചൂണ്ടൽ | 31/18-19 dt. 31-10-18 | 1400000 | | - | 109315 |
| കടങ്ങോട് | 32/18-19 dt. 31-10-18 | 1190000 | | 420000 | 10000 |
| കണ്ടാണശ്ശേരി | 36/18-19 dt. 31-10-18 | 595000 | | 245000 | 840000 |
| | ആകെ | 6650000 | | 1260000 | 3944738 |

5019315 രൂപയുടെ വിനിയോഗ സാക്ഷ്യ പത്രം പഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. ആയതു ലഭ്യമാക്കും വരെയും ചെലവു തുക 3944738 തടസ്സത്തിൽ വയ്ക്കുന്നു.

2)താഴെ പറയുന്ന ഗ്രാമ പഞ്ചായത്തുകൾ ലഭ്യമാക്കിയിരിക്കുന്ന പ്രോജക്റ്റിൽ രേഖപ്പെടുത്തിയതിനെക്കാൾ കൂടുതൽ തുക ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി അനുവദിച്ചിട്ടുണ്ട്

| പഞ്ചായത്ത് | പഞ്ചായത്തിന്റെ പ്രോജക്റ്റ് പ്രകാരം ബ്ളോക്ക് വിഹിതം | നൽകിയ വിഹിതം | അധികം നൽകിയത് |
|---|---|---|---|
| വേലൂർ | 770000 | 770000+385000 | 385000 |
| ചൊവ്വന്നൂർ | 665000 | 665000+35000 | 35000 |
| കടവല്ലൂർ | 735000 | 735000+175000 | 175000 |
| കണ്ടാണശ്ശേരി | 595000 | 595000+245000 | 245000 |
| | ആകെ | | 840000 |

മേൽ പറഞ്ഞ ഗ്രാമ പഞ്ചായത്തുകൾ പദ്ധതി റിവൈസ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

3)പ്രോജക്റ്റ് നം -145/19

നിർവഹണോദ്യോഗസ്ഥൻ-സെക്രട്ടറി

പ്രോജക്ടിന്റെ പേര്-ലൈഫ് ഭവനം ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ(എസ് സി)

മേൽ പദ്ധതി പ്രകാരം താഴെ പറയുന്ന പഞ്ചായത്തുകൾക്ക് ലൈഫ് മിഷൻ പദ്ധതിക്കായി വിഹിതം കൈമാറിയിട്ടുണ്ട്. വിവരം താഴെ പറയുന്നു.

| പഞ്ചായത്ത് | ബിൽ നം. | തുക | വിനിയോഗ വിവരം ലഭ്യമാക്കാനുള്ളത് |
|---|---|---|---|
| കടവല്ലൂർ | 26/18-19 dt. 29-10-18 | 375000 | 375000 |
| ചൊവ്വന്നൂർ | 27/18-19 dt. 29-10-18 | 150000 | 150000 |
| വേലൂർ | 28/18-19 dt. 29-10-18 | 225000 | 225000 |
| ചൂണ്ടൽ | 33/18-19 dt. 31-10-18 | 375000 | 375000 |
| കടങ്ങോട് | 30/18-19 | 375000 | nil |

| | | | |
|---|---|---|---|
| | dt. 31-10-18 | | |
| | ആകെ | 1500000 | 1125000 |

1125000 രൂപയുള്ള വിനിയോഗ സാക്ഷ്യപത്രം പഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. ആയതു ലഭ്യമാക്കും വരെയും ചെലവു തുക 11,25,000 തടസ്സത്തിൽ വയ്ക്കുന്നു.

## 3-20 ഓട്ടിസം സെൻററിലേക്ക് പഠനോപകരണങ്ങൾ

പ്രോജക്റ്റ് നം -161/19

പ്രോജക്റ്റിന്റെ പേര്-ഓട്ടിസം സെൻററിലേക്ക് ഉപകരണങ്ങൾ വാങ്ങലും അനുബന്ധ സൗകര്യങ്ങൾ ഒരുക്കലും

ചെക്ക് നം-0503240/22-3-19 TSB തുക-199719

മേൽ പദ്ധതി പ്രകാരം ഓട്ടിസം സെൻററിലേക്ക് പഠനോപകരണങ്ങൾ കെൽട്രോൺ ഇലക്ട്രോണിക്സ് സെറാമിക്സ് ലിമിറ്റിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്. കടവല്ലൂർ പഞ്ചായത്തിനു കീഴിലുള്ള കൊരട്ടിക്കര സ്കൂളിൽ 14-11-2014 മുതൽ പ്രവർത്തിച്ചുവരുന്ന ഓട്ടിസം സെൻറർ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 7-8-18-ലെ w/3/22369/2016 നം ഉത്തരവിന്റെ അടിസ്ഥാനത്തിൽ 31-1-19 മുതൽ കുന്ദംകുളം സർക്കാർ അന്ധവിദ്യാലയത്തിന്റെ ഹോസ്ററലിനോട് ചേർന്ന് സ്പെഷൽ സ്കൂൾ നഴ്സറിയ്ക്കു വേണ്ടി നിർമ്മിച്ചതും ഒഴിഞ്ഞുകിടക്കുന്നതുമായ കെട്ടിടത്തിൽ പ്രവർത്തിയ്ക്കാൻ തുടങ്ങി. നിലവിൽ സ്ഥാപനം പ്രവർത്തിയ്ക്കുന്നത് കുന്ദംകുളം നഗരസഭാ പരിധിയ്ക്കുള്ളിലാണ്. ആയതുകൊണ്ടുതന്നെ നഗര പരിധിയിൽ നില നിൽക്കുന്ന ടി സ്ഥാപനത്തിനായി നഗരസഭ ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ടോ എന്നുള്ളത് ഉറപ്പുവരുത്താനായിട്ടില്ല. ഇക്കാര്യത്തിൽ നഗരസഭയും ബ്ലോക്ക് പഞ്ചായത്തും തമ്മിൽ ഒരു ധാരണയിലെത്തുന്നത് ഉചിതമായിരിക്കും.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|
| GWD | മണ്ണാൻക്കുന്ന് | 2/18-19 | 500000 | 802473 | - | അധിക ചെലവ് |

| | | | | | |
|---|---|---|---|---|---|
| കോളനി കുടിവെള്ള പദ്ധതി | 29.06.18 | | | | വന്നിട്ടുള്ളത് 5.2.19 തിയതിയിലെ 5/1 തീരുമാന പ്രകാരം അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട്. യു.സി ലഭിച്ചിട്ടുണ്ട് |
| സുന്ദരയ്യ കോളനി കുടിവെള്ള പദ്ധതി | 3/18-19 29.06.18 | 500000 | 0 | 500000 | |
| ഐന്തൂർലക്ഷം വീട് കോളനി കുടിവെള്ള പദ്ധതി | 4/18-19 29.06.18 | 500000 | 0 | 500000 | |
| വടക്കുംമുറി എസ്.സി കോളനി കുടി വെള്ള പദ്ധതി | 5/18-19 29.06.18 | 500000 | 475898 | 24102 | യു.സി ലഭിച്ചിട്ടുണ്ട് |
| നെല്ലിപ്പറമ്പ് കുടി വെള്ള പദ്ധതി | 6/18-19 29.06.18 | 500000 | 0 | 500000 | |
| മേലെ മിച്ച ഭൂമി കുടി വെള്ള പദ്ധതി | 8/18-19 29.06.18 | 500000 | 0 | 500000 | |
| എ.കെ.ജി നഗർ പ്ലാക്കാട് കുടി വെള്ള പദ്ധതി | 7/18-19 29.06.18 | 500000 | 0 | 500000 | |
| ചിറ്റിലങ്ങാട് പുതിയ മാത്തൂർ കുടി വെള്ള പദ്ധതി | 9/18-19 29.06.18 | 500000 | 825459 | 0 | അധിക ചെലവ് വന്നിട്ടുള്ളത് 5.2.19 തിയതിയിലെ 5/1 തീരുമാന പ്രകാരം അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട്.യു.സി ലഭിച്ചിട്ടുണ്ട് |

| | | | | | | |
|---|---|---|---|---|---|---|
| | വെട്ടിക്കടവ് കുടി വെള്ള പദ്ധതി | 10/18-19 29.06.18 | 500000 | 0 | 500000 | |
| | പൊങ്ങാട്ട്പാറ കുടി വെള്ള പദ്ധതി | 11/18-19 29.06.18 | 500000 | 0 | 500000 | |
| | വെട്ടുക്കാട് കുടി വെള്ള പദ്ധതി | 12/18-19 29.06.18 | 500000 | 0 | 500000 | |
| | പന്നിത്തടം ചിറമനങ്ങാട് എസ്.സി കുടി വെള്ള പദ്ധതി | 12/18-19 29.06.18 | 1000000 | 0 | 1000000 | |
| | കിരാലൂർ ലക്ഷം വീട് കുണ്ടിലങ്ങാടി എസ്.സി കോളനി കുടി വെള്ള പദ്ധതി | 23/18-19 16.10.18 | 500000 | 0 | 500000 | |
| | പന്നിത്തടം എ.കെ.ജി കുടി വെള്ള പദ്ധതി | 24/18-19 16.10.18 | 385094 | 885094 | 0 | അധിക ചെലവ് വന്നിട്ടുള്ളത് 5.2.19 തിയതിയിലെ 5/1തീരുമാന പ്രകാരം അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട്.യു.സി ലഭിച്ചിട്ടുണ്ട്. |
| | നോങ്ങല്ലൂർ കുടി വെള്ള പദ്ധതി | 37/18-19 14.01.19 | 500000 | 0 | 500000 | |
| | ആനക്കല്ല് കുടി വെള്ള പദ്ധതി | 1/18-19 22.06.18 | 12202 | 12202 | 0 | യു.സി ലഭിച്ചിട്ടുണ്ട് |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-3 | 07-08, 08-09 | 3.7.3 | ഫയലുകൾ ഹാജരാക്കത്തതു സംബന്ധിച്ച് | ഫയലുകൾ കണ്ടെത്താൻ ശ്രമിക്കുന്നു |
| 2003-04 | 3-4 എ 3-4 ബി 3-8 | 07-08, 08-09 | 3.7.4 | ഫയലുകൾ ഹാജരാക്കാത്തതു സംബന്ധിച്ച് | ഫയലുകൾ കണ്ടെത്താൻ ശ്രമിക്കുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 81542463 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 81194389 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 14167 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11787411 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-16 | | 14167 | ശ്രീ.നാസർ.കെഎച്ച് (സെക്രട്ടറി) |

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 286320 | ഡോ.വാസുദേവൻ തെക്കുവീട്ടിൽ (മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| 3-8 | 121152 | ജയ.ഒ.ആർ (അസിസ്റ്റന്റ് എഞ്ചിനീയർ) |
| 3-12 | 6435201 | ശ്രീ.നാസർ .കെഎച്ച് (സെക്രട്ടറി) |
| 3-13 | 1000000 | ജോസഫ് ജോർജ് (പട്ടികജാതി വികസന ഓഫീസർ) |
| 3-19 | 3944738 | ശ്രീ.നാസർ .കെഎച്ച് (സെക്രട്ടറി) |
| ആകെ | 11787411 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 95-96, 96-97, 97-98 | എൽ.എഫ്.ടി.10 –187/99/ 19.7.99 |
| 98-99 | എൽ.എഫ്.ടി.21 – 2683/06, തി.23.5.07 |
| 99-2000 | എൽ.എഫ്.ടി.21 – 2684/06, തി. 22.6.07 |
| 2000-01 | എൽ.എഫ്.ടി.21 – 2685/06, തി. 24.5.07 |
| 01-02 | എൽ.എഫ്.ടി.21 – 2318/07, തി. 02.8.08 |
| 02-03 | എൽ.എഫ്.ടി.21 – 2317/08, തി. 02.8.08 |
| 03-04 | എൽ.എഫ്.ടി.21 – 2316/08, തി. 02.8.08 |
| 04-05 | എൽ.എഫ്.ടി.21 – 817/09, തി. 20.7.10 |

| | |
|---|---|
| 05-06 | എൽ.എഫ്.ടി.21 – 812/09, തി. 20.7.10 |
| 06-07 | എൽ.എഫ്.ടി.21 – 813/09 തി. 20.7.10 |
| 07-08 മുതൽ 10-11 വരെ | എൽ.എഫ്.ടി (ബി.പി)– 1875/2012, തി.2.2.13/ 13.5.13 |
| 11-12 | എൽ.എഫ്.ടി. (ബി.പി.)– 2102/2012, തി.8.4.14/ 1.7.14 |
| 12-13 | എൽ.എഫ്.ടി. (ബി.പി)– 1288/2014, തി.10.11.14/ 11.2.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.(ബി.പി)1185/15 തിയ്യതി:15-10-15/08-12-15 |
| 2014-15 & 2015-16 | കെ.എസ്.എ.ടി.എസ്.ആർ.(ബി.പി)622/17 തിയ്യതി:31-05-17 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.(ബി.പി1)1705/17 തിയ്യതി:27.11.17/03.01.2018 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.(ബി.പി1)1960/18 തിയ്യതി:07.02.19/26.03.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

# അനുബന്ധം- 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം -2 ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം (Audited Abstract) |

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ